ഓം


# അരുണോദയം.

പുസ്തകം 2. | 1104 ചിങ്ങം | ലക്കം 4.


## ശാസ്താവ്.

ഹിന്തുക്കളുടെ ആരാധനത്തിന്ന വിഷയമായ ഈശ്വരന്മാൎക്ക് കണക്കില്ല. പ്രകൃതിയിൽ കാണുന്ന അസാധാരണ ശക്തികൾക്കുകൂടി ദൈവത്വം സങ്കല്പിച്ചാരാധിക്കുവാൻ വൈദികകാലംമുതല്ക്കുതന്നെ അവരാരംഭിച്ചിരിക്കുന്നു. മാനസികസംസ്കാരത്തിന്നും രുചിഭേദത്തിന്നുമനുസരിച്ച് ഇഷ്ടദൈവത്തെ തിരഞ്ഞെടുക്കുവാനും ആരാധിക്കുവാനുമുള്ള സ്വാതന്ത്ര്യവും ആ ആദിമകാലംമുതൽതന്നെ ഉണ്ടായിരുന്നതാണ്. ഈ രീതിയെ തുടൎന്നു തുടൎന്നു കാലാന്തരത്തിൽ ഹിന്തുക്കളിൽത്തന്നെ ശൈവന്മാരും, വൈഷ്ണവന്മാരും, ശാക്തന്മാരും, മററു മതാനുയായികളുമുണ്ടാവാനും ഇടയായി. ചില വൎഗ്ഗക്കാർ അഗ്നിയെ ആരാധിക്കുന്നവരും മററു ചിലർ സൂൎയ്യനെ ഭജിക്കുന്നവരുമായിത്തീൎന്നു. ചിലർ സ്കന്ദസേവകൊണ്ട് കൃതകൃത്യന്മാരായി. വിഘ്നേശ്വരനായി ഒരു മൂൎത്തിയെ സങ്കല്പിച്ച് സൎവ്വാരംഭങ്ങളുടേയും ആദിയിൽ പൂജിച്ച് ഇഷ്ടസിദ്ധിക്കായി പ്രാൎത്ഥിക്കാനും തുടങ്ങി.

എന്നാൽ അറിയപ്പെട്ടതിൽവെച്ച് പ്രാചീനമായ വൈദികകാലത്തോ അതിന്നുശേഷം വളരെ പരിവൎത്തനങ്ങൾ കഴിഞ്ഞു മതഭേദങ്ങളെപ്പററി പ്രതിപാദിക്കാൻ തുടങ്ങിയ പൌരാണികകാലത്തോ അതിന്നടുത്ത കാലങ്ങളിലൊ ഈ ശാസ്താവിനെ ഒരു ദൈവമെന്ന നിലയിൽ ആരാധിച്ചിരുന്നതായി കാണുന്നില്ല. ത്രിമൂൎത്തികൾ, ദേവന്മാർ, ഉപദേവന്മാർ, സിദ്ധന്മാർ, മുനീശ്വരന്മാർ മുതലായവരെ ഗണിക്കുന്ന കൂട്ടത്തിലും ശാസ്താവിനെ നാമനിൎദ്ദേശംചെയ്തതായി കാണുന്നില്ല. ഹിന്തുക്കളുടെ പുരാതനഗ്രന്ഥങ്ങളിലും ശാസ്താവിനെ ഈശ്വരത്വേന പ്രതിപാദിച്ചു കാണുമൊ എന്നും ഹിന്തുക്കൾ എല്ലാവരും ശാസ്താവിനെ ഒരീശ്വരനെന്നനിലയിൽ സങ്കല്പിക്കുന്നുണ്ടൊ എന്നും സംശയമാകുന്നു.

ആൎയ്യഭാഷയായ സംസ്കൃതത്തിലെ നിഘണ്ഡുക്കളിൽ വിഷ്ണു മുതലായ മൂൎത്തികളേയും ദേവാദികളേയും പ്രതിപാദിച്ചുകാണാം. ഈശ്വരന്മാരുടെ അവതാരഭേദങ്ങളേയും അവരുടെ ദാരാപത്ന്യാദി ബന്ധങ്ങളേയുംകൂടി പ്രതിപാദിച്ചിട്ടുമുണ്ട്. ഗണപതി, സുബ്രഹ്മണ്യൻ എന്നിവരുടെ പൎയ്യായങ്ങളുംകൂടി പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, ആ ഘട്ടത്തിലൊന്നും ശാസ്താവിനെപ്പററി പറയുന്നില്ല. ഇപ്പോൾ ജനങ്ങൾ വിശ്വസിച്ചുവരുംപ്രകാരം വിഷ്ണു മോഹിനിയുടേയും ശിവൻേറയും പുത്രനായി അയ്യപ്പൻ എന്നും ശാസ്താവെന്നും പറയുന്ന ഒരു മൂൎത്തി ഉണ്ടെങ്കിൽ ആ പ്രകൃതത്തിൽ പ്രസ്താവിക്കാൻ ഇടയുണ്ടായിരുന്നു.

ഈവക സംഗതികളെക്കൊണ്ട് ഊഹിക്കേണ്ടതു് ഇങ്ങിനെ ഒരു ദേവൻെറ ആവിൎഭാവം ഇടക്കാലത്തു്—അതായത് ചരിത്രകാലത്തുണ്ടായതാണെന്നും, അതിന്ന്, ഇപ്പോൾ എല്ലാവരും വിചാരിച്ചുവരുന്നതുപോലെയല്ലാതെ എന്തെങ്കിലും ഒരടിസ്ഥാനം ഉണ്ടായിരിക്കണം എന്നും ആകുന്നു.

ഇതിനെസ്സംബന്ധിച്ച് നമുക്ക് ലൌകികയുക്തിക്കനുസരിച്ചാലോചിക്കാം.

ശാസ്താവ് ശിവൻെറയും വിഷ്ണുവിൻെറയും പുത്രനാണെന്നാകുന്നുവല്ലൊ വിശ്വസിച്ചുവരുന്നതു്. എന്നുവെച്ചാൽ ശിവനിൽനിന്നും വിഷ്ണുവിൽനിന്നുംകൂടി ഉണ്ടായവൻ എന്നു താല്പൎയ്യം. ഇതിൻെറ ആന്തരാൎത്ഥം ശൈവമതത്തിൻേറയും വൈഷ്ണവമതത്തിൻേറയും സങ്കലനംകൊണ്ടുണ്ടായ ഒരു മതവിശേഷം എന്നായിക്കൂടെന്നില്ല. വൈദികമതത്തിൽ രുചിഭേദമനുസരിച്ച് ശൈവന്മാരും വൈഷ്ണവന്മാരും എന്നു രണ്ടു വലിയ ശാഖകളുണ്ടായിത്തീൎന്നു. ക്രമേണ ശക്തിപൂജക്കാരെന്നു മറെറാരു വൎഗ്ഗവുമുണ്ടായി. ഇവരിൽത്തന്നെ പല അവാന്തരവൎഗ്ഗക്കാരും വൎദ്ധിച്ചു. പൂജകൾക്കും ആരാധനങ്ങൾക്കും യാഗാദികൎമ്മങ്ങൾക്കും ബലിഹോമാദികൾക്കും വൈവിദ്ധ്യം വളൎന്നുവന്നു. ഹിന്തുമതത്തിൻെറ പേരുംപറഞ്ഞു് അവരവരുടെ ഇഷ്ടംപോലെ എന്തു ചെയ്യുന്നതും മതാനുഷ്ഠാനമായി വ്യാഖ്യാനിക്കുമെന്ന നിലയിലായി. ലോകത്തിൽ പ്രായേണ തത്വജ്ഞാനികളും ധൎമ്മജ്ഞന്മാരും സാധാരണന്മാരെ അപേക്ഷിച്ച് ചുരുങ്ങിയിരിക്കുമല്ലൊ. ആ നിയമമനുസരിച്ച് സാത്വികമായ രീതിയിൽ ഈശ്വരാരാധനംചെയ്യുന്നവരെക്കാൾ രാജസതാമസരീതികളാചരിക്കുന്നവർ അധികമാവാതെ തരമില്ല. തന്നിമിത്തം ബലികളും ഹിംസകളും ഈശ്വരാരാധനത്തിൻെറ എണ്ണങ്ങളാണെന്നുള്ള നില വന്നു. അതനുഷ്ഠിക്കുന്നവരുടെ എണ്ണവും വൎദ്ധിച്ചു. ഈ സ്ഥിതിയിൽ അധൎമ്മങ്ങളെ കുറച്ചു ധൎമ്മം സ്ഥാപിക്കുവാൻ ഒരു പരിവൎത്തനം അത്യാവശ്യമായി, ഏതുതദ്ദേശത്തോടുകൂടി, ശൈവവൈഷ്ണവാദി വിഭാഗ

ങ്ങളിലുള്ള ഹിംസാദിദോഷങ്ങളെ ഒഴിച്ചും, ഹിന്തുമതതത്വങ്ങളെ ആസ്പദമാക്കിയും, യാതൊരു മതക്കാക്കും വിരോധമല്ലാത്ത നിലയിലും ഒരു പൊതുമതം സ്ഥാപിക്കാനിടവന്നു. അതാണ് ബുദ്ധമതമെന്നു പ്രസിദ്ധമാണല്ലോ.

ഒരു പ്രത്യേക ആരാധനാമൂൎത്തിയോ, ഹിംസാദ്യധൎമ്മങ്ങളോ ഇല്ലാത്തവിധം സ്ഥാപിച്ചിരിക്കുന്ന ബുദ്ധമതം, എല്ലാ ഹിന്തുക്കൾക്കും (അവാന്തരവിഭാഗങ്ങളടക്കം) മുഹമ്മദൻ, കൃസ്ത്യൻ മുതലായ മററു മതക്കാക്കും യാതൊരു വൈരസ്യവുംകൂടാതെ സ്വീകരിക്കാവുന്ന നിലയിലായിരുന്നു. ആ മതം സൎവ്വസമ്മതമായിത്തീരുകയും, തടവെന്നിയെ നാടെങ്ങും പരക്കുകയും ചെയ്തു. ഈ ശാശ്വതമതം സ്ഥാപിച്ച ആളായിരിക്കണം ശാസ്താവ്. ശാസ്താവ് എന്ന ശബ്ദത്തിന്ന്—ശാസിക്കുന്നവൻ:—അതായത്, അജ്ഞാനോത്ഭൂതങ്ങളായ വ്യാമോഹങ്ങൾ നീക്കി യഥാൎത്ഥജ്ഞാനവും കൃത്യബോധവും നൽകുകയും, അധൎമ്മകൃത്യങ്ങളിൽനിന്നു വിരമിപ്പിച്ച് ധൎമ്മപ്രവൃത്തരാക്കുകയും ചെയ്യുന്നവൻ എന്നാണല്ലോ അൎത്ഥം. അതാലോചിച്ചാലും, മതപ്രതിപത്തിമൂലം പലവിധം അധൎമ്മങ്ങളിൽ ഏൎപ്പെട്ടിരുന്നവരെ ധൎമ്മിഷ്ഠന്മാരാക്കിത്തീക്കുവാൻ സാധിച്ച ബുദ്ധമതത്തിൻെറ സ്ഥാപകന്ന് ഈ നാമധേയം യുക്തംതന്നെ.

"സൎവ്വജ്ഞസ്സുഗതോ ബുദ്ധോ ധൎമ്മരാജസ്തഥാഗതഃ
സമന്തഭദ്രോ ഭഗവാൻ മാരജില്ലോകജിജ്ജിനഃ
ഷഡഭിജ്ഞോ ദശബലോദ്വയവാദീ വിനായകഃ
മുനീന്ദ്രഃ ശ്രീഘനഃ ശാസ്താമുനിഃ" എന്നുള്ള അമരകോശപദ്യങ്ങളും ഈ അഭിപ്രായത്തെ (ശാസ്താവു ബുദ്ധനാണെന്ന്) അനുകൂലിക്കുന്നുണ്ടെന്നു പറയാമല്ലോ.

ബുദ്ധമതാവലംബികൾക്ക് വിഗ്രഹാരാധനയില്ലാതിരിക്കെ മലയാളത്തിൽ അവിടവിടെ ചുരുക്കം ചില അയ്യപ്പൻകാവുകളും നിത്യനൈമിത്തികങ്ങളായ പൂജാദ്യുത്സവങ്ങളും കാണുന്നതെങ്ങിനെ എന്നൊരു ശങ്കക്കവകാശമുണ്ട്. ഒരുകാലത്തു ബുദ്ധവിഹാരങ്ങളുടെ നിലയിലിരുന്നവ തിരിഞ്ഞുമറിഞ്ഞു കാലാന്തരത്തിൽ കാവുകളായിത്തീൎന്നതാണെന്നു വിചാരിക്കാം. ഹിന്തുജനസാമാന്യത്തിൻെറ സാധാരണസമ്പ്രദായം ക്ഷേത്രത്തിൽ പ്രതിമയെവെച്ചു പൂജിക്കുന്നതാകയാൽ പൊതുജനങ്ങളുടെ രുചിക്കും ശീലത്തിന്നുമനുസരിച്ചും, വിഗ്രഹാരാധകന്മാൎക്കും ഹിതമാകത്തക്കവണ്ണവും, ഹിന്തുമതത്തിൽനിന്നു വ്യതിരിക്തമല്ല ഇതെന്നു പ്രാകൃതമാനസന്മാരെ വിശ്വസിപ്പിക്കത്തക്കവിധവും ഈ സമ്പ്രദായം ആചരിച്ചുതുടങ്ങിയതാണെന്നു വിചാരിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

മലയാളത്തിൽ നടപ്പുള്ള "അയ്യപ്പൻവിളക്ക്" എന്ന ഉത്സവവും അതിൻെറ ചടങ്ങുകളും ഈ അവസരത്തിൽ ഓൎമ്മവരുന്നു. ഈ വിളക്കിൻെറ ആഗമം എന്തായിരിക്കുമെന്നു ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ശരിയായ ഒരു തീൎപ്പും കിട്ടാതെ മടങ്ങുകയാണ് പതിവ്. എൻെറ ആലോചന ഒടുവിൽ നിലച്ചിട്ടുള്ളത് താഴെ പറയുന്ന വിധമാകുന്നു.

ഇത് ബുദ്ധമതപ്രചരണത്തെ സൂചിപ്പിച്ചും ഉദ്ദേശിച്ചും ഏൎപ്പെടുത്തിയ ഒരു വിനോദം—അഥവാ ഉത്സവമാകുന്നു. ഇതിൻെറ ഒടുവിൽ ശിവവിഷ്ണുസംഭവനായ അയ്യൻ തൻെറ യാത്രാമദ്ധ്യത്തിൽ വഴിയിൽവെച്ച് ഒരു മുഹമ്മദീയനും മഹാവീൎയ്യനുമായ വാവരെ കണ്ടെത്തുകയും, കിടമത്സരംനിമിത്തം ആദ്യം അവർതമ്മിൽ യുദ്ധംചെയ്തുവെങ്കിലും, യോഗ്യത അന്യോന്യം മനസ്സിലായപ്പോൾ ഇണങ്ങി കൈപിടിക്കുകയും, അയ്യപ്പൻെറ കാവിന്നടുത്ത മുമ്പിൽതന്നെ ആരാധനക്കുള്ള പള്ളികെട്ടുവാൻ വാവരെ അനുവദിച്ച് അടുത്തിരുത്തുകയും ചെയ്തതായി കാണുന്നു. ഇതിൻെറ ആന്തരാൎത്ഥം, രണ്ടു മതക്കാൎക്കും (ബുദ്ധമുഹമ്മദുമതക്കാൎക്കു) തമ്മിൽ തെററിദ്ധാരണനിമിത്തം ആദ്യം അന്യോന്യവിരോധമായി തോന്നാനും ശണ്ഠക്കും കാരണമായേക്കാമെങ്കിലും മതതത്വങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ ഐക്യത്തിന്നേ അവകാശമുള്ളു എന്നായിരിക്കാം. ഹിന്ദുമതോപദേശങ്ങളോടു ബാഹ്യത്തിൽ വിരോധംതോന്നുന്ന മുഹമ്മദീയൎക്ക് ആക്ഷേപത്തിന്നു കാരണങ്ങളായ വിഗ്രഹാരാധന മുതലായവയൊന്നും, ബുദ്ധമതത്തിലില്ലല്ലൊ. ബുദ്ധൻെറ ഉപദേശങ്ങൾ മതഭേദമെന്നിയെ സകലൎക്കും സ്വീകാരയോഗ്യങ്ങളുമാണ്. അതിനാൽ ഭിന്നമതക്കാരാണെന്ന് ആദ്യം കരുതിയ അവരിരുക്കൂട്ടരും തത്വം മനസ്സിലായപ്പോൾ അന്യോന്യം ഇണങ്ങിയതും യുക്തംതന്നെ.

ഈ വാവരുടെ കഥ ഉത്തര ഇന്ത്യയെ ആക്രമിച്ച മുഹമ്മദീയനായ ബാബർചക്രവൎത്തിയുടെ വല്ല ആക്രമണങ്ങളുടേയും പ്രതിഫലനമല്ലയൊ എന്നും സംശയിക്കാം. മുഹമ്മദീയരാജാക്കന്മാരുടെ ആക്രമണങ്ങളിൽ ബുദ്ധസന്യാസിമാരും മററു സന്യാസിമാരും മതസ്ഥാപനത്തിന്നും പുരാതനരാജവംശങ്ങളുടെ രക്ഷക്കും, പുരാതനവസ്തുസംരക്ഷണത്തിന്നും, ജനനാശമൊഴിക്കുവാനുംവേണ്ടി, കൂട്ടംകൂട്ടമായി പലപ്പോഴും എതിൎത്തിരുന്നു എന്നുള്ള ചരിത്രവും ഈ അവസരത്തിൽ ഓൎക്കേണ്ടതാണ്. അങ്ങിനെ നടന്ന വല്ല ആക്രമണങ്ങളുടേയും വല്ല ഭാഗത്തേയും ആസ്പദമാക്കിയും, ഹിന്ദുക്കളുടേയും മുസൽമാന്മാരുടേയും അന്യോന്യമൈത്രിയെ ഉദ്ദേശിച്ചും എഴുതിയ കവിതയായിരിക്കണം അയ്യപ്പൻപാട്ട്—അതിന്നനുസരിച്ചു നടത്തിവന്ന ഒരു ആഘോഷമായിരിക്കണം അയ്യപ്പൻവിളക്കും എന്നു വന്നുകൂടായ്കയില്ലെന്നു തോന്നുന്നു.

അയ്യപ്പൻപാട്ടിലെ കവിതാരീതിയും ഭാഷയും മററും നോക്കുമ്പോൾ ഹിന്തുക്കളിൽ സംസ്കാരം കുറഞ്ഞ വർഗ്ഗക്കാരുടെ ഇടയിൽ പ്രാചീനകാലം മുതല്ക്കേ നടപ്പുള്ള ചില പഴയ പാട്ടുകളെക്കാൾ വളരെ പുതിയതാണിതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഈവക സംഗതികളാൽ അയ്യപ്പന്റെ (ശാസ്താവിന്റെ) കഥകളും അതു സംബന്ധിച്ച മററു ഏർപ്പാടുകളും ഇന്ത്യയിൽ ബുദ്ധമതത്തിന്റെ പ്രചാരത്തേയും, അതിന്നു മററു മതങ്ങളോടുള്ള ഐക്യത്തേയും സൂചിപ്പിച്ചും ആസ്പദമാക്കിയും നിർമ്മിച്ചിട്ടുള്ളവയാണെന്നു ധാരാളം ഊഹിക്കാൻ വഴിയുണ്ട്.

ഇതു് ലക്ഷ്യപുരസ്സരമായ സിദ്ധാന്തമല്ലെന്നും, സംഗതികളെ ആസ്പദമാക്കീട്ടുള്ള ഊഹം മാത്രമാണെന്നും, അഭിപ്രായഭേദത്തിന്നും എതിർവാദത്തിന്നും ഇടയുണ്ടെന്നും ഞാൻ ഓർക്കായ്കയില്ല. ആ അഭിപ്രായഭേദങ്ങളും എതിർവാദങ്ങളും പുറത്തുവരുവാനും, അങ്ങിനെ ഓരോ സംഗതികളുടെ സൂക്ഷ്മതത്വം വെളിപ്പെടുവാനും ആഗ്രഹിച്ചുകൊണ്ടുതന്നെയാണ് ഈ ലേഖനം എഴുതുന്നതും. "വിവാദമല്ലാ തെളിവിന്നു കാരണം"

വട്ടോളി കോമുമേനോൻ.

# രാജയോഗിനി.

ദ്വിതീയഖണ്ഡം.

(മഞ്ജരി)

1. നൂതനദാമ്പത്യലീലയിലാനന്ദ
ഗീതങ്ങൾനിർമ്മിച്ചുദമ്പതിമാർ
സാദംപെടാതെ വിഹരിച്ചിരുന്നു, സ
മ്മോദപരവശമാനസരായ്.
നിർമ്മലപ്രേമമന്ദാകിനിയിങ്കലെ
മർമ്മരമായ നർമ്മാലാപങ്ങൾ.
ആവധുവല്ലഭജീവിതാരാമത്തി
ന്നാനന്ദശീതളോല്ലാസമേകീ.
പ്രേമമാം പൊയ്കയിലാഹൃദയദ്വയം
ഓമൽക്കലികകളെന്നപോലെ
കോമളമായ്വിടർന്നങ്ങവയുടെ
തൂമണംവീശിസ്സമുല്ലസിയ്ക്കേ

ഭിന്നദശകളണഞ്ഞവതന്നാവി-
ഛിന്നപ്രണയം വിഭിന്നമാക്കി.
ഭൂപൻതന്നാസ്ഥാനമണ്ഡപത്തിന്നമേ
ലാപതിച്ചീടുക കാരണത്താൽ
നൈസൎഗ്ഗികമായ വാസനയും മൃദു
ഹാസപ്പൊലിമയുമററുകഷ്ടം.
പൊന്മലരൊന്നു വിവൎണ്ണമായ്ത്തീൎന്നു—ഹാ
നന്മകളിങ്ങിനെ മങ്ങുന്നല്ലൊ!
സ്വാഭാവികാമോദമേതും കുറഞ്ഞിടാ
താഭാവിശേഷവികസ്വരയായ്
ലാലസിച്ചു കലികാന്തരം പൊയ്കയിൽ
മാലണയില്ലാ നിലയ്ക്കുനിന്നാൽ.

2. ആവധുമാലതൻ ജീവിതച്ചേതികൾ
ഭൂവരന്നേതും രുചിച്ചതില്ലാ.
രാജസരീതിയിൽ നാൾകഴിച്ചീടേണ്ടും
രാജകുടുംബിനിയിപ്രകാരം
ഹാ—പരിവ്രാജികയാകയോ—ഗൌരവ
ലോപമിതിൽപരമെന്തുവേറേ.
കിന്നരിമാർകളും പാടിപ്പുകഴ്ത്തുന്ന
തന്നപദാനങ്ങളെന്നിരിക്കെ
സന്ന്യാസമാണുതൻ ദാരങ്ങൾക്കെന്നതെ
ന്തന്യായ—മെന്തപഹാസ്യകാൎയ്യം!
എന്നുമല്ലാവധുവത്ര വിശ്വാസ്യയ
ല്ലെന്നു ദുശ്ശങ്കയുമാൎന്നു മന്നൻ.
ആശങ്കയാം വിഷലേശമാക്കാന്തമൊ
ന്നാശയത്തിങ്കൽ കടന്നുപെട്ടാൽ
ക്ലേശകലുഷിതമാകുമേജീവിതം
നാശഗതിയ്ക്കുതന്നെ മാൎഗ്ഗം!

3. ഏവം തപസ്വിനീഭാവമംഗീകരി
ച്ചാവസുധേശ്വരി വാഴുംകാലം.
ആവഴിക്കങ്ങുവന്നെത്തി രണ്ടാളുകൾ
കേവലം തീൎത്ഥോപവാസവേഷർ.
റാണിതൻ പൂജാഗൃഹാങ്കണത്തിങ്കൽത്തൻ
പാണിയുഗളങ്ങൾ കൂപ്പിച്ചെമ്മെ
ഏകാഗ്രധ്യാനനിരതരെപ്പോലവ
രേതാൻനിമേഷങ്ങൾ നിന്നിടുമ്പോൾ

ആവിർഭവിച്ചാളകത്തുനിന്നിന്ദിരാ
ദേവിയെപ്പോലെഴും പാവനാംഗി
രാജന്യവക്ഷ്മിതൻ സൌജന്യമുദ്രക
ളാജന്മശുദ്ധയാ മാവധുവിൽ
കാവിയുടുപ്പിന്നിടയിലുമേതുമൊ
ന്നാവിലമാകാതെ കാണുമാറായ്.
യൌവനശ്രീമയമെങ്കിലുമുജ്ഝ്വലത
ഭാവമശേഷമിയന്നിടാതെ
പാവനമാമുഷസ്സന്ധ്യപോൽ ശാന്തമാ
ണാവരഗാത്രിതൻ സൌകുമാര്യം.
ലൌകികവ്യാമോഹകീടകമുരംപ്പൂറിൽ
പൂകി,യതിൻസുഷമയ്ക്കു ഭംഗം
ഏകീട്ടമാറില്ലെന്നോതീ മൃദുസ്മിതം
തൂകീട്ടമാമധുരാസ്യബിംബം.
നീലക്കാർവർണ്ണൻതന്നോലക്കമൊളിന
കോലക്കുഴലംപൊഴിപ്പോരുഗീതം
ആരാൽശ്രവിക്കയാലാരാജീവാക്ഷനെ
ച്ചേരാനുഴറിടും ഗോപിപോലെ
ആകാംക്ഷാഭാവമിയന്നുപാടീടിനാൾ
രാകാശശാങ്ക സുമുഖിയേവം :—

4. “ആനകദുന്ദുഭിതാനന്നുനേടിയ
പീനസുകൃതവിപാകമായും
ദേവകീദേവിതൻ പ്രേമപ്രസൂനത്തിൻ
പാവനമായൊരാമോദമായും
നന്ദഗോപക്കും യശോദയ്ക്കുമെന്നെന്നും
കന്ദളിതാനന്ദകേന്ദ്രമായും
ഗോപികമാരുടെ മാനസദ്യോവിങ്കൽ
വ്യാപിച്ച വാറൊളിത്തിങ്കളായും
ഏകാഗ്രസതഭക്തിവ്യഗ്രരാം മാലോക
ക്കാകാരംപൂണ്ടൊരാനന്ദമായും
നെഞ്ചകമാക്കും കുളൂപ്പിച്ചുചെഞ്ചമ്മേ
സഞ്ചരിപ്പോരു സംഗീതമായും
ലാലസിച്ചീടുമെൻ ദൈവതമാകിയ
ബാലഗോപാലകൻ വെൽവൂതാക!
ദേവകീനന്ദന! ദേവ! ജനാർദ്ദന!
ഭാവനാമോഹനസംഹനന!

ശ്രീവനമാലചേർന്നുല്ലസിക്കുന്ന നിൻ
പാവനാകാരമെന്മാനസത്തിൽ
ലീലയാടീടുമാറാക നിരന്തരം
നീലക്കാർവർണ്ണ! നിൻകാരുണ്യത്താൽ.
ഓലക്കമാർന്ന നിന്നോടക്കുഴലിലെ
ലോലസ്വരാമൃതധാരയിങ്കൽ
ആറാടുമാറാകവേണ,മൊരിക്കലും
മാറാതെന്മാനസ രാജഹംസം.
മായയാം മാറാലതൻമറവാൽ മറന്നാ
മായനിൻ സച്ചിദാനന്ദരൂപം
മായാമനോഹര! കാണാനവസര.
മായാലെൻജീവിതം പാവിതമായ്.
കണ്ണ! കടലൊളിവർണ്ണ! കുവലയ
ക്കണ്ണ വന്നാലുമെൻകണ്ണിലുണ്ണി!
ഓമനശ്രീമുഖത്തിങ്കളിൽതങ്ങിടും
തൂമന്ദഹാസക്കുളുർനിലാവും
കാർമണ്ഡലദ്യുതിയാളും വാർകുന്തള
സ്തോമത്തിൽ ചാഞ്ചാടും പിഞ്ഛികയും
പാവനമാം തിരുമാറിങ്കൽ ചെമ്മേറും
ശ്രീവനമാലയും കൌസ്തുഭവും
കുഞ്ഞിക്കരത്തിലഗ്ഗോകുലമാകവേ
രഞ്ജിപ്പിച്ചീടും മുരളികയും
മെയ്യാസകലവുമിന്നതെന്നോതുവാൻ
വയ്യാതോരുജ്ജ്വലന്മഞ്ജിമയും
കണ്ടുകണ്ടാനന്ദപീയൂഷപൂരത്തി
ലാണ്ടു ഞാൻ കോൾമയിർക്കൊണ്ടിതാവൂ.
ധർമ്മവൈകല്യമാം കാളിയവാഹസം
കന്മഷദുർവിഷജ്വാലയാലെ
പാരംവിരളമായ്ത്തീർത്തോരിജ്ജീവിത
സ്സൂരജാവരിയെപ്പൂതമാക്കാൻ
ഓടക്കുഴലിൽനിന്നൂറിയപീയൂഷം
കൂടക്കൂടെത്തളിച്ചീടുകയാൽ.
ഹാലാഹലാമയം നീക്കിയിജ്ജഗത്തിനെ
പ്പാലാഴിയാക്കിച്ചമച്ചവനേ!
ചിന്മയനേ! ജയ ദേവിയശോദതൻ
പൊന്മകനേ! ജയ നിർമ്മലനേ!”

5. ശ്രീതങ്കമീമൃദുഗീതസ്രവന്തിതൻ
ശീതളശീകരസ്പർശമേല്ക്കേ
ആമലർക്കാവിലെ വല്ലികളെപ്പേരും
പൂമഴക്കണ്ണീർപൊഴിച്ചുപാടേ.
മാകന്ദമഞ്ജരി കൈവെടിഞ്ഞാസ്വാദ
മാകണ്ണിച്ഛായതിന്മാധുര്യത്തേൻ
ആകണ്ഠമാസ്വാദിച്ചാർ നിജ ശാരീര
വൈകല്യംമാററുവാൻ കോകിലങ്ങൾ.
നന്ദകിശോരൻെറ പൊന്മുരളീസ്വരം
വൃന്ദാവനത്തിൽപണ്ടെന്നപോലെ
ഇന്നമൃതോപമമാകുമിഗ്ഗീതംകേ
ട്ടിന്നതെന്നോരാത്ത ഭാവത്തോടെ
നിന്നുമാന്പേടകൾ നിന്നിമേഷങ്ങളായ്
എന്നുവേണ്ടെങ്ങുമാനന്ദമായീ.

6. കണ്ണവും കണ്ണും കരളുമാനന്ദമാ
മണ്ണവത്തിങ്കലാറാടുംവണ്ണം
അണ്ണവവണ്ണാനവണ്ണനമേവമാ
കണ്ണനംചെയ്യോരഭ്യാഗതന്മാർ
അമ്പരന്നാമരന്ദോപമച്ചൊല്ലാൾതൻ
ചമ്പകപ്പൂവൽമെയ് നോക്കിനില്പായ്.

7. മാനസോദ്വേഗമേതാനും ശമിച്ചപ്പോ
ളാനതരായവരേവമോതീ:—
"ഇന്നുസുദിനമേ ഞങ്ങൾക്കിദ്ദർശന
മൊന്നുകൈവന്നതു കാരണത്താൽ.
കന്നുമേച്ചീട്ടും കിടാങ്ങൾതൊട്ടുഴിവാ
ഴുന്ന മുഗിളർക്കരചനോളം
സ്ഥാനവലിപ്പച്ചെറുപ്പങ്ങളോരാതെ
മാനവന്മാരേകഭാവനയായ്
ഏതനവദ്യചരിത്രതൻകീത്തന
ഗീതങ്ങളാലാപിച്ചാനന്ദിപ്പൂ—
മീവാർമഹീതലം കണ്ണിനാൽകാണാകും
ശ്രീവാഴുംമന്ദിരമായതാരാൽ—
ദ്വാരകയിങ്കലടങ്ങുകിടന്നൊരാ
ദ്വാരങ്ങളിന്നു തുറന്നതാരോ—
ആ വിശ്വവന്ദ്യയാം ദേവിയെക്കാൺകയാൽ
ജീവിതസാഫല്യം നേടി ഞങ്ങൾ.

ഭ്രൂവിനെദ്ദ്യോവിലേയ്ക്കുന്നമിപ്പിച്ചിട്ടും
ദേവി! സുമംഗലി! വെൽവൃതാക."

8. ആ രാജയോഗിനി ചൊല്ലിനാളുത്തരം
സ്സാരാദരമതിനിപ്രകാരം:—
'ദേവിയല്ലല്ലിവൾ ദേവകീസൂനുവിൻ
സേവിനിയായൊരു ദാസിമാത്രം.
ദേവനിങ്ങേക,നതെൻപുരാൻമറവുള്ളോ
രേവരുംതൽപദപത്മദാസർ.
ഗോകുലമീയുല,കാളുകളാഭീര
സ്ത്രീകുലമെന്നു ഞാൻ നണ്ണിടുന്നേൻ.
വൈഭവമില്ലിവൾക്കേതു—മിജ്ജീവിത
മാ ഭഗവാനായുഴിഞ്ഞുവെച്ചേൻ.
കേവലം മൃണ്മയഭാജനമാമെന്നിൽ
പാവനമാകിയ ജീവനത്തെ
ദേവനൊഴിച്ചുനിറയ്ക്കുന്നു കാരുണ്യ
ഭാവനമൂലമനവരതം!
കോമളച്ചെഞ്ചോരിവായ്മലർവർഷിക്കും
തൂമധുത്തുള്ളികളെന്നപോലെ
മാമകജീവനാമോമന്മുരളിയിൽ
പ്രേമസംഗീതമൃദുസ്വരങ്ങൾ
താമരക്കണ്ണന്റെതിരുവടി പാടുന്നു
താമസഭാവമകലുംവണ്ണം!"

മീലിതമായ് മിഴിയാമഹിളാകുല
മാലിക നിർത്തിനാൾ വാക്പ്രസരം.

9. തെല്ലിടചെന്നപ്പോൾ കൺതുറന്നാൾ വീണ്ടും
ചൊല്ലിനാനനന്നേരത്തേകനേവം:—
"മാഹമ്മദേന്ദ്രനാമക്ഷ്ക്മുണ്ടുപോൽ
മോഹമിപ്പൂവഞ്ചും മേനികാണ്മാൻ.
ഹാ ഹന്ത! ജാതിമതാദി വ്യതീതമാം
സ്നേഹംതഴച്ച ഭവച്ചരിത്രം
ആരാരിലാണുണരത്തീടാത്തതാദരം
ആരാധനീയ ഗുണോൽകർഷത്താൽ!"

10. സ്ത്രീജന്മസിദ്ധമാം സ്വാഭിമാനത്തിനാൽ
രാജപുത്രാംഗനാരത്നമോതീ:—

"ആയതബുദ്ധിമാനായ വനാധിപൻ
മായത്താൽവന്നിങ്ങതിക്രമിച്ചാൽ
ആയതമാസ്സുരമാപത്തീരാജാനാ-
വായത്തിൻവീഴ്ച്ചവും കാണാമപ്പോൾ."

11. ചൊന്നാനതിന്നായാൾ "അന്യായകർമ്മങ്ങ
ളെന്നാളുമാചരിക്കില്ലാമന്നൻ.
മാനവധർമ്മശാസ്ത്രജ്ഞനാണദ്ദേഹം
മാനമര്യാദകളാചരിപ്പോൻ.
മാനനീയാനാപയജാത, സ്സൽക്ഷത്രിയ
മാനസിംഹാസനജയാണ പതി.
ആ നിലയോക്കിലും ബാഹ്ലജവംശത്തെ
മാനിക്കയേയുള്ളൂ മാനവേന്ദ്രൻ!
പോകട്ടെയക്കഥയാക്കൾവരുന്നോര
ത്താകട്ടെയീദൃശചിന്തനങ്ങൾ.
വൈകല്യമറ്റൊരെൻ സ്തോകോപഹാരമായ്
സ്വീകരിക്കേണമിപ്പുഷ്പഹാരം."

12. ഇത്രയുമോതിയാ യാത്രികൻമീലിത
നേത്രയാം റാണിതൻ പാണിയിങ്കൽ
ഹാരമൊന്നർപ്പിച്ചു, തോഴനോടൊന്നിച്ചു
പാരംത്വരിതമായ് നിർഗ്ഗമിച്ചു.

13. ധ്യാനസ്തിമിതയായ് തെല്ലിടനിന്നവാ-
റാനന്ദകന്ദളിതാനനയായ്
മാനഞ്ചുംകണ്ണുകൾതുറന്നുതൻകയ്യിലെ
ദ്ദാനത്തിൽദൃഷ്ടിനടത്തിദേവി.
ആശ്ചര്യമാമലർമാലയല്ലക്കത്തൊളി
വാച്ചവൈരോജ്ജ്വല രത്നഹാരം!
വാരാണ്ട താരാപഥത്തിൽവിരാജിക്കും
താരാവലിയ്ക്കു സമാനമായി
ജ്യോതിസ്ഫുലിംഗസ്ഫുരണത്താലാഹാരം
ഭേദിച്ചു താമിസ്രഗഹ്വരത്തെ.

പാലക്കാട്. വി ഉണ്ണികൃഷ്ണൻ നായർ ബി. ഏ.

(തുടരും)

# നിഷ്കാമകർമ്മം.

[സ്വാമി അഭേദാനന്ദന്റെ 'Philosophy of Work'–എന്ന ഗ്രന്ഥത്തിൽനിന്നു്]

മഹാന്മാർ നിരന്തരം നിഷ്കാമകർമ്മങ്ങൾ ചെയ്യുന്നതിൽ നിരതന്മാരായ്കാണപ്പെടുന്നു. അവരുടെ മനസ്സും ദേഹവും ഓരോ കർമ്മങ്ങളിൽ ആസക്തമാണെങ്കിലും അവയ്ക്കു് യാതൊരു ഫലേച്ഛയുമില്ല. സ്വാർത്ഥത്തെമാത്രം മുൻനിർത്തി, ഏതു് നീചപ്രവൃത്തിയ്ക്കും ബദ്ധകച്ഛനായി, പരദ്രോഹാദി ദുർമ്മാർഗ്ഗശതങ്ങളിൽ അലഞ്ഞുതിരിഞ്ഞു്, മനസ്സമാധാനമില്ലാതെ കാലംകഴിയ്ക്കുന്ന അവിവേകിയും, ലാഭാലാഭജയാജയങ്ങളെ തുല്യഭാവത്തോടുകൂടി നോക്കുന്ന ശാന്തവൃത്തിയായ യഥാർത്ഥകർമ്മയോഗിയും ലോകനിശ്രേണിയുടെ ഓരോ അറ്റത്തുള്ള സോപാനങ്ങളിലാണ് വർത്തിയ്ക്കുന്നതെന്നു് പ്രത്യേകം പറയേണ്ടതില്ല.

സ്വാർത്ഥപരത്വം അജ്ഞാനസംഭൂതമായ ഒരു ഭാവമാകുന്നു. പ്രപഞ്ചത്തിലുള്ള സർവ്വവും വികാരത്തെ പ്രാപിയ്ക്കുന്നതാണെന്നുള്ളതു് അനുഭവസിദ്ധമാകയാൽ, അവികാരിയായ നിത്യവസ്തുവെന്തായിരിയ്ക്കുമെന്നു് ആരാഞ്ഞുനോക്കി, അതിന്റെ ഫലമായുണ്ടാവുന്ന ആത്മജ്ഞാനമാണ് യഥാർത്ഥമഹത്വത്തിന്നുള്ള ഹേതു. ലോകാനുഗ്രഹതല്പരന്മാരായി, 'അഹം ബ്രഹ്മ അഹം ബ്രഹ്മ' എന്നു് ഉച്ചത്തിൽ അരുളിച്ചെയ്ത മഹാന്മാർ ഈ തത്വത്തെ സാക്ഷാൽകരിച്ചവരാകയാൽ നിരന്തരമായ സംതൃപ്തിയോടുകൂടിയവരാണ്. ഇവർ കർമ്മരഹസ്യവേദികളാകകൊണ്ടു് സമ്പൂർണ്ണമായ സമാധാനത്തോടുകൂടി നിഷ്കാമകർമ്മങ്ങൾചെയ്വാൻ സമർത്ഥന്മാരായ്ഭവിയ്ക്കുന്നു.

നമ്മുടെ ചിത്തം,—'വൃത്തി', അല്ലെങ്കിൽ വികാരത്തെ പ്രാപിയ്ക്കുന്നതാണ് കർമ്മങ്ങൾക്കുള്ള കാരണമെന്നു് പറയേണ്ടതില്ലല്ലോ. ഈ പ്രേരണ ഉള്ളേടത്തോളം, അതുകൊണ്ടു്, ബാഹ്യകർമ്മളെ നിറുത്തുവാൻ സാധിയ്ക്കുന്നതല്ല. "നഹി കശ്ചിൽ ക്ഷണമപി നാ ജാതു തിഷ്ഠത്യകർമ്മകൃൽ; കാര്യ്യതേ ഹ്യവശഃ കർമ്മ സർവ്വഃ പ്രകൃതിജൈർഗ്ഗുണൈഃ"—എന്ന ഗീതാവചനം ഈ വാസ്തവത്തെയാണ് വെളിപ്പെടുത്തുന്നതു്. ഏതു കർമ്മത്തിന്നും നിയതമായ ഫലമുണ്ടെന്നും, സൽകർമ്മത്തിന്നു് സൽഫലവും ദുഷ്കർമ്മത്തിന്നു് ദുഷ്ഫലവും ഒഴിച്ചുകൂടാതെ വന്നുചേരുമെന്നുമുള്ളതു് പ്രകൃതവിഷയത്തിൽ വിശേഷിച്ചും സ്മരിയ്ക്കേണ്ട സംഗതിയാകുന്നു. ഇങ്ങിനെ; സ്വകർമ്മങ്ങൾക്കു് അനുരൂപമായ ഫലത്തെ അനുഭവിച്ചുകൊണ്ടു്, അതായതു് സുഖദുഃഖങ്ങൾക്കു് വശംവദരായി, സർവ്വരും ലോകനാടകരംഗത്തിൽ താന്താങ്ങൾക്കുള്ള വേഷം അഭിനയിച്ചുകൊള്ളുകയാണ് ചെയ്യുന്നതു്.

ക്രിയാഫലസ്വരൂപമായ പരിവർത്തനത്തിൽപെട്ടുഴലുന്ന നമുക്ക് അതിൽനിന്ന് വിമുക്തരാകാനുള്ള മാർഗ്ഗമെന്തായിരിയ്ക്കും? മരണത്തോടുകൂടി എല്ലാം നശിച്ചുപോകുമെന്ന് ചിലർ വാദിയ്ക്കാറുള്ളത് കേവലം മൌഢ്യംകൊണ്ടാണ്. ഭൂമിയ്ക്ക്, ആകർഷണശക്തിയില്ലെന്ന്, അതിനെപ്പററി ഒന്നും ഗ്രഹിയ്ക്കാതെ, സിദ്ധാന്തിയ്ക്കുന്നതുകൊണ്ട് ഒരിയ്ക്കലും അങ്ങിനെ വരുന്നതല്ല. അതുപോലെതന്നെ, നാം അനുവദിച്ചാലും ഇല്ലെങ്കിലും, ഫലം ക്രിയയെ അനുഗമിയ്ക്കുതന്നെ ചെയ്യും. അപ്രതിഹതമായ ഈ കർമ്മപ്രവാഹത്തിന്നടിപെട്ട് പല ജന്മങ്ങൾ കൊണ്ട് അല്പാല്പം മുമ്പോട്ടുചെന്ന് നാം ഓരോ സ്ഥാനങ്ങൾ പിടിയ്ക്കുന്നുവെന്നുള്ള തത്വമാണ് യുക്തിയ്ക്ക് ഏററവും യോജിച്ചിരിയ്ക്കുന്നത്.

ദേഹം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇതെല്ലാം പ്രാകൃതങ്ങളായ ഉപാധികൾക്ക് അധീനങ്ങളാണെങ്കിലും, ആത്മാവ് ഒരിയ്ക്കലും അങ്ങിനെയല്ല. ബന്ധനങ്ങൾക്ക് വശംവദനല്ലാതെ സകലസാക്ഷിഭൂതനായിരിയ്ക്കുന്ന ആത്മാവ് യഥാർത്ഥത്തിൽ സർവ്വസ്വാതന്ത്ര്യനാണ്. അല്ലെങ്കിൽ; കേവലസ്വാതന്ത്ര്യാനുഭവത്തിന്നുള്ള ദൃഢമായ ഒരു വാസന നമ്മിൽ ഉണ്ടാവാൻ സംഗതിയില്ല. അതുകൊണ്ട്, നിത്യശാന്തമായ ഒരു പരമപദം ഉണ്ടെന്നും അതാണ് നമ്മുടെ മുഖ്യലക്ഷ്യമെന്നും സൂക്ഷ്മനിരൂപണംകൊണ്ട് ഗ്രഹിയ്ക്കാവുന്നതാണ്.

കർമ്മങ്ങൾക്കുള്ള നിദാനം വാസനയാണെന്നും അതുള്ളിലുള്ളേടത്തോളം എല്ലാവരും ഓരോ കർമ്മം ചെയ്വാൻ നിർബ്ബദ്ധരാണെന്നും ഇത്രയുംകൊണ്ട് വരുന്നുണ്ട്. ധനസമ്പാദനത്തിന് ചിലർ പരിശ്രമിയ്ക്കുന്നു. യശോലാഭമാണ് ചിലരുടെ അഭികാംക്ഷ. വേറേ ചിലർ സ്ഥാനമാനങ്ങളേ ലക്ഷ്യമാക്കി പ്രയത്നിയ്ക്കുന്നു. എല്ലാംകൊണ്ടും ആദ്യം ഉദ്ദിഷ്ടമായ സ്ഥാനത്തെത്തിയാലും ആരും സംതൃപ്തരായ് കാണപ്പെടുന്നില്ല. ഇതിന്നുള്ള കാരണം വ്യക്തമാണ്. ഏതാദൃശകർമ്മങ്ങൾ സ്വാർത്ഥത്തെ പുരസ്കരിച്ചു ചെയ്യുന്നതാകയാൽ കർത്താക്കൾ ഫലാസക്തിയോടുകൂടിയവരാകുന്നു. ഫലാസക്തന്മാർ കാര്യകാരണപരിവർത്തനത്തിൽപെട്ട് ഉദ്ദിഷ്ടസുഖം ഒരിയ്ക്കലും സ്വാധീനമാകായ്കയാൽ വ്യഗ്രചിത്തരായ്ത്തീരുന്നു. ഫലേച്ഛകൂടാതെ നമുക്ക് കർമ്മംചെയ്വാൻ കഴിയുമെങ്കിൽ അപ്പോൾ മാത്രമേ നാം ബന്ധനങ്ങളിൽനിന്നും വിമുക്തരാകയുള്ളു. അപ്പോൾ മാത്രമേ യഥാർത്ഥസ്വാതന്ത്ര്യസുഖം അനുഭവിപ്പാൻ സാധിയ്ക്കുയുമുള്ളു.

യാതൊരുവിധത്തിലും ഫലാസംഗംകൂടാതെയുള്ള നിഷ്കാമകർമ്മം ചെയ്യുന്നതെങ്ങിനെയാണ്? എന്നൊരു ചോദ്യത്തിന്നവകാശമുണ്ട്. അതൊരിയ്ക്കലും സാദ്ധ്യമല്ലെന്ന് സ്വാർത്ഥതൽപരതയിൽ മുഴുകിയിരിയ്ക്കുന്നവർ പറകയും ചെയ്യും. എന്നാൽ, പരമാർത്ഥത്തിൽ,

ഫലാഭിനിവേശംകൂടാതെ ഓരോ കർമ്മങ്ങൾ നിർവ്വഹിയ്ക്കുന്ന മഹാന്മാരുണ്ട്. സമുദായത്തിന്നും കലത്തിന്നും ലോകത്തിന്നുമുള്ള ഓരോ കടപ്പാടുകളെ തീർക്കുകയാണെന്നുകരുതി സർവ്വബാദ്ധ്യതയേയും അവർ ശിരസാ വഹിച്ചുകൊള്ളുന്നു. ഏതെങ്കിലും ഒരു കടം മടക്കിക്കൊടുക്കുമ്പോൾ നമുക്ക് ഫലേച്ഛയുണ്ടാവുന്നില്ല. ആ പ്രവൃത്തി നിർവ്വഹിച്ചാൽ അതിനെക്കുറിച്ച് ആലോചിയ്ക്കാറുമില്ല. ഈ ആദർശത്തെ ലക്ഷ്യമാക്കി പ്രയത്നിയ്ക്കുകയാണെങ്കിൽ, കർത്താവിന്ന് ഫലത്തിൽ യാതൊരാകാംക്ഷയുമുണ്ടാകയില്ല. തന്റെ കുലം അഭിവൃദ്ധിപ്പെടുന്നവിധം നടക്കുകയും, സന്താനങ്ങളേയും മററും വേണ്ടപോലെ വളർത്തുകയും ചെയ്യുന്നതുകൊണ്ട് ഒരുവൻ പിതൃക്കളോടുള്ള ഋണബന്ധത്തിൽനിന്ന് വിമുക്തനാകുന്നു. പൂർവ്വഗ്രന്ഥങ്ങളിൽ അടങ്ങിയ തത്വങ്ങൾ നല്ലവണ്ണം ഗ്രഹിച്ച് അഭ്യസിയ്ക്കുന്നതുകൊണ്ട് പൂർവ്വന്മാരോടുള്ള കടപ്പാട് തീർക്കുന്നു. അദ്ധ്യാത്മാചാര്യന്മാരെ അനുസരിച്ച് അവരുടെ ജീവിതത്തെ അനുകരിയ്ക്കുന്നതുകൊണ്ട് അവരേയും സന്തുഷ്ടന്മാരാക്കുന്നു.

ഹിന്തുക്കളായ നമ്മുടെ ജീവിതത്തെ നാലു പ്രധാനദശകളായ് വിഭാഗിച്ചിട്ടുള്ളതു് പൂർവ്വോക്തമായ ഋണബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാകുന്നു. ഈ കർത്തവ്യങ്ങളിൽ, ഒടുവിലത്തേതാണ്, തന്നിയ്ക്ക് തന്നോടുതന്നെയുള്ളതു്. ഇതു നിറവേററുന്നതു് ആത്മജ്ഞാനസമ്പാദനംകൊണ്ടു മാത്രമാകുന്നു. കർമ്മങ്ങൾ ചെയ്യുന്നതു്, ഇപ്രകാരം, നമ്മുടെ കടമയാണെന്നുള്ള ബോധം അങ്കുരിയ്ക്കുമ്പോൾ സ്വാർത്ഥപ്രതിപത്തിയും അതുകൊണ്ട് കർമ്മപരിണാമവശാലുണ്ടാകാവുന്ന സുഖദുഃഖാവസ്ഥകളും ഇല്ലാതായ്ത്തീരും. ക്രമത്തിൽ നിരന്തരസംതൃപ്തിഭാവം ഉദിച്ചുയരുകയും ജീവിതോദ്ദേശ്യമെന്തെന്ന് മനസ്സിലാക്കാൻ സാധിയ്ക്കുയും ചെയ്യും.

മറെറാരുസംഗതി ആലോചിപ്പാനുള്ളതു് നമുക്ക് സഹായകങ്ങളായ ശക്തികളേക്കുറിച്ചാണ്. വാസ്തവത്തിൽ, ഈ ശക്തികളൊന്നും നമ്മുടെയല്ല. നാം അവയെ ഉപയോഗിയ്ക്കുന്നുവെന്നേയുള്ളു. പലപ്പോഴും നേരേ മറിച്ച് നാം അഭിമാനിയ്ക്കാറുണ്ടെങ്കിലും, അവ പ്രകൃതിയിലുള്ള ശക്തിവിശേഷങ്ങളാണ്. ശ്വാസോച്ഛ്വാസത്തിന്നു ഉപകരിയ്ക്കുന്ന വായു, നമ്മുടെയാണെന്ന് പറയാമോ? ഇതുപോലെത്തന്നെ മററു ശക്തികളും ഈ തത്വം മനുഷ്യശരീരത്തെ സംബന്ധിച്ചു മാത്രമല്ല, തദന്തർഗ്ഗതമായ ദിവ്യചൈതന്യത്തേക്കുറിച്ച് നോക്കുമ്പോഴും വിശദമാകുന്നുണ്ട്. അതാണ് ഗീതയിൽ,

> പ്രകൃതേഃക്രിയമാണാനി ഗുണൈഃകർമ്മാണിസർവ്വശഃ
> അഹംകാരവിമൂഢാത്മാ, കർത്താഹമിതിമന്യതേ".

എന്ന് ഭഗവാൻ അരുളിച്ചെയ്തിരിയ്ക്കുന്നതു്.

പ്രാകൃതങ്ങളായ ശക്തികളാണ് കമ്മകത്താക്കളെങ്കിൽ നാം എങ്ങിനെ ഫലാധികാരികളാകും? ഫലാധികാരികളല്ലെങ്കിൽ കമ്മം ചെയ്യേണ്ടതു ഏതുവിധമാണ്? എന്നെല്ലാമുള്ള വിവേകപൂവ്വമായ നിരൂപണംകൊണ്ടുണ്ടാവുന്ന ഫലം, അതായതു്, ആത്മജ്ഞാനം കമ്മഫല പ്രസംഗത്തിൽ നിന്നും മോചനം സമ്പാദിപ്പാനുള്ള ശരിയായ കാരണമാകുന്നു.

പ്രകൃതത്തിൽ, കത്തവ്യമെന്തെന്നും അകത്തവ്യമെന്തെന്നുമുള്ള ബോധം അത്യാവശ്യമാകുന്നു. കത്തവ്യസ്വരൂപജ്ഞാനത്തിൽ, ലോകത്തിലുണ്ടായിട്ടുള്ള അവതാരപുരുഷന്മാർ കൂടി ഭിന്നാഭിപ്രായക്കാരായ് കാണപ്പെടുന്നു. ചിലർ പരോപകാരമാണ് കത്തവ്യമെന്ന് വിചാരിയ്ക്കുന്നു. അതെന്തുകൊണ്ടാണെന്നാരാഞ്ഞുനോക്കുമ്പോൾ, പൂവ്വഗ്രന്ഥങ്ങളിൽ അങ്ങിനെ പറഞ്ഞിട്ടുണ്ടെന്നുള്ളതു് മാത്രമാണ് അവരുടെ ആസ്പദമെന്നു കാണാം. ബൈബിളിൽ ദൈവകല്പനകളെ അനുസരിച്ച് ദൈവഭയത്തോടുകൂടിയിരിയ്ക്കുന്നതാണ് കത്തവ്യമെന്നു സ്ഥാപിയ്ക്കപ്പെട്ടിരിയ്ക്കുന്നു. മുഹമ്മദിൻെറ പ്രവചനങ്ങളെ കൈക്കൊള്ളുന്നതാണ് പരമധമ്മമെന്നു 'കൊറാൻ' ശാസിയ്ക്കുന്നു. ഇങ്ങനെ, ഓരോ മതഗ്രന്ഥങ്ങളും പരസ്പരവിരുദ്ധമായ വിധത്തിൽ കത്തവ്യനിദ്ദേശം ചെയ്യുമ്പോൾ നാം സ്വീകരിയ്ക്കേണ്ടതു് ഏതൊന്നാണെന്നു തീച്ചയാക്കേണ്ടിയിരിയ്ക്കുന്നു.

കത്തവ്യത്തിൻെറ സൂക്ഷ്മരൂപം വാചാതീതമാണെന്നുള്ളതു് ശരിതന്നെ. എന്നാൽ എല്ലാ മതങ്ങളിലും ചില മനോഗുണങ്ങളെ പ്രത്യേകിച്ചും വിവരിച്ചുകാണുന്നുണ്ട്. സ്വാത്ഥപരിത്യാഗം, സമഭാവന, അഹിംസ സ്നേഹം മുതലായവയാണ് പ്രസ്തുതഗുണങ്ങൾ. ഇവയെല്ലാം യഥാത്ഥത്തിൽ ഒന്നിൻെറ തന്നെ പര്യായഭേദങ്ങളാകുന്നു. ഈശ്വരസൃഷ്ടിയെ ആകമാനം സമബുദ്ധ്യാ സ്നേഹിപ്പാൻ കഴിയുന്ന മഹാത്മാവിന്ന് ഈ ഗുണങ്ങളൊക്കെ ഒഴിച്ചുകൂടാതെ ഉണ്ടായിരിയ്ക്കയും ചെയ്യും. അതുകൊണ്ട്, പരമമായ സ്നേഹത്തിൻെറ നാമാവിശേഷങ്ങളാണ് ഈ ഗുണങ്ങളെന്ന് വ്യവഹരിയ്ക്കുന്നതു് അയുക്തമായിരിയ്ക്കയില്ല.

ഈശ്വരസൃഷ്ടിയെ മുഴുവൻ ഒരുപോലെ സ്നേഹിയ്ക്കുന്ന ഒരാൾ യാതൊരുദ്ദേശ്യവും കൂടാതെ കമ്മം ചെയ്യുന്നതാണ്. അങ്ങിനെ ചെയ്യുന്നതു് ഈശ്വരാച്ചനമാണെന്നുള്ള പരമബോധം അന്തരാകാശത്തിൽ സവ്വദാ പ്രകാശിയ്ക്കുന്നതുകൊണ്ട് ആ കമ്മയോഗതത്വജ്ഞൻ ഈശ്വരസൃഷ്ടിയെ ഈശ്വരൻ എന്നപോലെത്തന്നെ തരതമഭാവം കൂടാതെ വീക്ഷിയ്ക്കുകയും കേവലപരിത്യാഗംകൊണ്ട് പചേളിമമായ ഈ മനോഭാവത്തെ നിരന്തരം പുലത്തുകയും ചെയ്യുന്നു. കത്തവ്യബോധ

ത്തേക്കാൾ എത്രയോ ശ്രേഷ്ഠമാണ് ഈ മനോവൃത്തിയെന്നും, ഏററവും നിഷ്കാമമായ പ്രയത്നം ഇതിൻെറ ഫലമാണെന്നും, ഇനി വേറെ പറയേണ്ടതില്ല. ശ്രീകൃഷ്ണൻ, ബുദ്ധൻ, ക്രിസ്തു മുതലായ അവതാരപുരുഷന്മാർ ഏതാദൃശമായ ലോകപ്രണയത്തിലാണ് സ്വകമ്മവൃത്തം എഴുതിവെച്ചിരിയ്ക്കുന്നത്. അതാണ് അവരുടെ അപദാനങ്ങൾ എന്നെന്നും പ്രസ്പുടമായ് പ്രശോഭിയ്ക്കുന്നതിൻെറ രഹസ്യം. അതിനാൽ ലോകാരാധനയായിരിയ്ക്കും യഥാൎത്ഥകമ്മയോഗിയുടെ ഉന്നതാദൎശം.

എം. സുന്ദരേശമേനോൻ, ബി. ഏ.

ദ്രോണവധത്തിൽ

# ശ്രീകൃഷ്ണയുധിഷ്ഠിരന്മാരുടെ

വഞ്ചന (അസത്യവാദം) പ്രക്ഷിപ്തമാണ്. (തുടച്ച്)

ദ്രോണർ ദിവംഗതനായതിൻെറ അഞ്ചാംദിവസം, ശല്യരും ദുൎയ്യോധനനും നിധനംപ്രാപിക്കുന്നതിനുമുമ്പ് ധാൎമ്മികനായ സഞ്ജയൻ, ധൃതരാഷ്ട്രരെ ഈ വൎത്തമാനം അറിയിക്കുന്നതിനായി കുരുക്ഷേത്രത്തിൽനിന്നും ഹസ്തിനപുരത്തേക്കു പുറപ്പെട്ടു. ധൃതരാഷ്ട്രരെ ഈ വസ്തുത ധരിപ്പിച്ചു. പാപരഹിതനും നിൎമ്മലസ്വഭാവനുമായ ധൎമ്മജൻെറ ദൎശനമാത്രത്താൽതന്നെ മാദ്രാധിപനായ ശല്യർ ഭസ്മീഭവിച്ചില്ലെന്നു കേൾക്കുന്നത് വളരെ ആശ്ചര്യമായിരിക്കുന്നു. * ആ ദിവസംതന്നെ സഞ്ജയൻ, ധൎമ്മജനെ സത്യസന്ധനായ ധൎമ്മരാജാവെന്നും, ഭീമനെ സത്യവിക്രമനെന്നും പറഞ്ഞു സ്തുതിച്ചു; + ഇപ്രകാരം പാഞ്ചാലന്മാരും പറഞ്ഞതായി ധൃതരാഷ്ട്രരെ ഗ്രഹിപ്പിച്ചു. യാതൊരുവൎക്കു ധൎമ്മം ആശ്രയമോ അവൎക്കു ജയമുണ്ടാവാതിരിക്കുന്നതെങ്ങിനെ? =

ഇതാണോ മിഥ്യാവാദികളായ വഞ്ചകന്മാരുടെ ചിത്രം? ദ്രോണവധത്തിൻെറ അഞ്ചാംദിവസം വേദവ്യാസമഹൎഷി അശ്വത്ഥാമാവിനോട് ഇപ്രകാരം പറഞ്ഞു. "രാജൎഷിയായ യുധിഷ്ഠിരൻ അധൎമ്മദ്വാരാ ജയംനേടാൻ ഇച്ഛിക്കയില്ല. ●

ആ ദിവസംതന്നെ അദ്ദേഹം ധൃതരാഷ്ട്രരോടു പറഞ്ഞത്, "പാണ്ഡവന്മാർ അവിടുത്തെനേക്ക് അല്പംപോലും അപരാധം ചെയ്കയില്ല" എന്നാണ്. ✿

ഈ വ്യാസമഹൎഷിതന്നെയല്ലെ മഹാഭാരതം രചിച്ചത്?

* ശല്യപൎവ്വം ൨൭. × ശല്യപൎവ്വം ൨൮. = ശല്യപൎവ്വം ൨൯.

● സൌപ്തികപൎവ്വം ൨൯. ✿ സ്ത്രീപൎവ്വം ൩.

ദ്രോണവധത്തിന്റെ അഞ്ചാമത്തെ ദിവസം ദുര്യോധനന്റെ ഊരുഭംഗത്തിനുശേഷം, ശ്രീകൃഷ്ണൻ ധൃതരാഷ്ട്രരോടു പറഞ്ഞു. "മഹാനുഭാവന്മാരായ പാണ്ഡവന്മാർ, ധർമ്മത്തിൽനിന്നും ന്യായത്തിൽനിന്നും സ്നേഹംനിമിത്തം 'സത്യപഥ'ത്തെ അതിക്രമിക്കയില്ല." *

ദ്രോണവധംകഴിഞ്ഞു് ഭാരതയുദ്ധം അവസാനിച്ചപ്പോൾ, നാരദൻ, വ്യാസൻ മുതലായ മഹർഷികൾ യുധിഷ്ഠിരനോട്ടു് സംഭാഷണം ചെയ്യുന്നതിനായി വന്നുചേർന്നു. നാരദമഹർഷി അവരുടെ എല്ലാവരുടേയും മുമ്പിൽ അവരുടെ പ്രതിനിധിയായി നിന്നുകൊണ്ട് ഇപ്രകാരം യുധിഷ്ഠിരനോടു പറഞ്ഞു. "നീ ധർമ്മാനുസാരം ഈ ഭാരതവർഷത്തെ ജയിച്ചു."

ദ്രോണവധത്തിനുശേഷം, ദുര്യോധനൻ നിര്യാതനായപ്പോഴും, ധാർമ്മികപ്രവരനായ ഭീഷ്മർ ശരശയ്യയിൽ കിടന്നുകൊണ്ട്, യുധിഷ്ഠിരൻനിമിത്തം അസഹ്യവേദനകളെ സഹിക്കയായിരുന്നു. ആ സങ്കടത്തിലും, അദ്ദേഹം, യുധിഷ്ഠിരന്റെ ധർമ്മനിഷ്ഠയേയും സത്യപരായണതയേയും വളരെ വളരെ സ്തുതിച്ചു. അതിനെ, ഇവിടെ പ്രതിപാദിക്കാം.

ഭീഷ്മർ, കുരുക്ഷേത്രത്തിലെ രണാങ്കണത്തിൽ ശരശയ്യയിൽ കിടക്കുന്നു. കൃഷ്ണൻ പാണ്ഡവന്മാരോടുകൂടി ഭീഷ്മരുടെ സവിധത്തിലെത്തി ഇപ്രകാരം പറഞ്ഞു. മഹാത്മൻ! കുരുക്ഷേത്രയുദ്ധത്തിലേർപ്പെട്ടവരിൽ ചില രാജാക്കന്മാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അവരെല്ലാവരും അവിടുത്തെ സന്നിധിയിൽനിന്ന് ധർമ്മത്തെക്കുറിച്ചു ചിലതെല്ലാം കേൾക്കാനായി വന്നിരിക്കുന്നു. അവിടുന്ന് അവൎക്ക് ഉപദേശദാനംചെയ്താലും!

ഇതിന് ഭീഷ്മദേവൻ ഇപ്രകാരം ഉത്തരം പറഞ്ഞു. "ഞാൻ പറയാം. ഏതൊരുവൻ ധാർമ്മികനോ അവൻ എന്നോടു ചോദിക്കട്ടെ. എന്നാൽ, ഞാൻ സന്തോഷപൂർവ്വം സകല ധർമ്മങ്ങളേയും വ്യാഖ്യാനിക്കാം. ധർമ്മാത്മാവായ ഏതൊരു മഹാപുരുഷൻ സകല ഭൂപതികൾക്കും ഭൂഷണമായി അവതരിച്ചപ്പോൾ, സകല മുനികളും ആനന്ദമഗ്നരായി, ആ മഹാപുരുഷൻതന്നെ എന്നോടു ചോദിക്കട്ടെ. കൌരവസംഘത്തിൽ, ഏതൊരാൾ യശസ്വിയും, ധർമ്മാചരണതല്പരനുമായിരിക്കുന്നു. അവന് തുല്യനായിട്ട് ആരും ഇല്ല. ധർമ്മം, ശൌര്യം, ബ്രഹ്മചര്യം, ക്ഷമ, തേജസ്സ് ഇവ ഏതൊരുവനിൽ ചിരനിബദ്ധമായിട്ടു ശോഭിക്കുന്നു, അവൻതന്നെ എന്നോടു ചോദിക്കട്ടെ. ഏതൊരുവൻ, ആത്മീയജനങ്ങൾ, ആശ്രിതന്മാർ, അതിഥികൾ, ഭൃത്യന്മാർ എന്നിവരെ എല്ലായ്പോഴും സൽക്കാരങ്ങളെക്കൊണ്ടു സന്തുഷ്ടരാക്കുന്നു; യാതൊരുവൻ, ജ്ഞാനം, ക്ഷമ, ഇവകളോടുകൂടി സത്യത്തിൽനിന്ന് ഒരിക്കലും വിചലിതനാകുന്നില്ല; യജ്ഞം, അദ്ധ്യയനം, ശാന്തി ഇവകളാൽ ധർമ്മമാൎഗ്ഗ

* ശല്യപർവ്വം നന്മ-ാമദ്ധ്യായം.

ത്തിൽ സ്ഥിരനായും അതിഥിപ്രിയനായുമിരിക്കുന്നു; സകല രഹസ്യവിഷയങ്ങളേയും അറിയുന്നു; ആ പാണ്ഡവൻ എന്നോടു ചോദിക്കട്ടെ. +

ഇതു കേട്ടശേഷം ശ്രീകൃഷ്ണൻ ഇപ്രകാരം പറഞ്ഞു. "മഹാത്മാവേ! യുധിഷ്ഠിരരാജാവു് സ്വജനവധം ചെയ്തുപോയതുകൊണ്ടു്, അവിടുത്തെ സന്നിധിയിൽ വരുന്നതിന് ലജ്ജിക്കയും ഭയപ്പെടുകയും ചെയ്യുന്നു."

മനസ്വിയായ ഭീഷ്മദേവൻ ഇപ്രകാരം പറഞ്ഞു. "അതു് എന്തു സംഗതി? പിതാവ്, പിതാമഹൻ, ഭ്രാതാവ്, ഗുരു, സംബന്ധി ഇവർ അധർമ്മയുദ്ധത്തിൽ ഏറ്റുപെട്ടാൽ അവരെ വധിക്കുകതന്നെയാണ് ധർമ്മം. *

ഇതത്രേ, സംസ്കൃതഭാഷയിലുള്ള മഹാഭാരതം മൂലഗ്രന്ഥത്തിലുള്ള, യുധിഷ്ഠിരരാജാവിൻെറ യഥാർത്ഥചിത്രം. മഹാഭാരതത്തിൻെറ ഓരോ വശത്തും, യുധിഷ്ഠിരൻെറ തുലനാരഹിതവും ഉജ്ജ്വലവുമായ ചിത്രം പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. മഹാഭാരതമഞ്ജരിയിൽ പ്രമാണപുരസ്സരം അതിനെ കാണിച്ചിട്ടുണ്ടു്. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന മഹാഭാരതത്തിൽ ചിലേടത്തുമാത്രം ചില വിപരീതവർണ്ണനകളുണ്ടായിരുന്നാൽതന്നെ, അവ, ആരോ ചേർത്തതായിട്ടല്ലാതെ വരാൻ സംഗതിയില്ല. അല്ലാത്തപക്ഷം, ദ്രോണവധത്തിനുശേഷവും, അതു്, ആ യുദ്ധഭൂമിയിൽ കിടന്നു് ഇതെല്ലാം കാണുകയും കേൾക്കുകയും അറിയുകയും ചെയ്തതിനുപിമ്പും, ധാർമ്മികനായ ഭീഷ്മർ അദ്ദേഹത്തിൻെറ മരണശയ്യയിൽവച്ചു്, യുധിഷ്ഠിരൻെറ ജന്മപ്രഭൃതിയുള്ള സത്യനിഷ്ഠയ്ക്കും ധർമ്മപരായണതയ്ക്കും ഉജ്ജ്വലമായ സാക്ഷ്യപ്രദാനം ചെയ്യുമോ? "യുധിഷ്ഠിരൻ, കാമം, ക്രോധം, അർത്ഥം, ഭയം ഇവനിമിത്തം ഒരിക്കലും അധർമ്മം പ്രവർത്തിക്കയില്ല" എന്നും ഭീഷ്മർ പറഞ്ഞു. മഹാഭാരതത്തിൽ ആകമാനം, അനിന്ദിതവും അനുപമവുമായ ചരിത്രംകൊണ്ടു് ഭീഷ്മരും വിദുരരും മഹാ ധാർമ്മികന്മാരാണെന്നു് സ്തുതിച്ചിരിക്കുന്നു. ആ ഭീഷ്മവിദുരന്മാർ യുധിഷ്ഠിരനോടു് സമന്മാരല്ലെന്നുപറഞ്ഞു് ഭീഷ്മദേവൻ യുധിഷ്ഠിരൻെറ മാഹാത്മ്യത്തെ സ്തുതിച്ചിരിക്കുന്നു. =

പിന്നെയും, ഭീഷ്മദേവൻ ശരശയ്യയിൽ കിടന്നുകൊണ്ടു് യുധിഷ്ഠിരരോടു് ഹേ! "നിഷ്പാപ" എന്നു് സംബോധനംചെയ്തുകൊണ്ടു് ✤ വീണ്ടും പറയുന്നു, ദുര്യോധനാദികൾ വളരെ ദോഷങ്ങൾക്കു് ഇരിപ്പിടമാണു്. നീ എല്ലായ്പോഴും സത്യത്തേയും സദ്ഗുണങ്ങളേയും സേവിച്ചതുമൂലം അവരെ പരാജിതരാക്കി. ● "നീ ധർമ്മത്തിൻെറ അംശത്തിൽ ജനിച്ചതുകൊണ്ടു് സ്വതേതന്നെ ധർമ്മിഷ്ഠനാണു്." × ഭീഷ്മർ

+ ശാന്തിപർവ്വം ൩൩-ാമദ്ധ്യായം. * ശാന്തിപർവ്വം ൯൯-ാമദ്ധ്യായം.
= ഉദ്യോഗപർവ്വം ൧൪൭-ാമദ്ധ്യായം, ✤ ,, ൩൩ ,, ● ശാന്തിപർവ്വം ൧൩൩
× ,, ൧൬൨

യോഗബലത്താൽ ദേഹത്യാഗംചെയ്യുന്നതിന് അല്പംമുമ്പ് ധൃതരാഷ്ട്ര രോട്ട് ഇപ്രകാരം പറഞ്ഞു. "യുധിഷ്ഠിരൻ ധർമ്മാത്മാവും, ഗുരുവത്സ ലനും, ശുദ്ധചിത്തനും ആയ ധർമ്മരാജാവാണ്. *

കുരുക്ഷേത്രത്തിലെ യുദ്ധം അവസാനിച്ച്, പാണ്ഡവന്മാർ ഗാന്ധാരിദേവിയുടെ മുമ്പിൽ ആദ്യമായി ചെന്നപ്പോൾ, ഭീമനോ യുധിഷ്ഠിരനോ മിഥ്യാഭാഷണംമൂലം ദ്രോണവധം സാധിച്ചു എങ്കിൽ, ഗാന്ധാരീദേവി നിശ്ചയമായും അതു പറയാതിരിക്കയില്ല. അത് അവർ പറഞ്ഞില്ലെന്നു മാത്രമല്ല, "യുധിഷ്ഠിരൻ ധർമ്മജ്ഞനും ധർമ്മരാജാവുമാണെന്നു പറയുകകൂടി ചെയ്തു." = പിന്നെയും ധൃതരാഷ്ട്രൻ പറഞ്ഞു. "യുധിഷ്ഠിരൻ സർവ്വജ്ഞനെന്നുതന്നെയാണ് എന്റെ അഭിപ്രായം." +

മഹാഭാരതമനുസരിച്ച്, ശത്രുക്കളുടേയും മിത്രങ്ങളുടേയും ഇതരജനങ്ങളുടേയും അഭിപ്രായത്തിൽ, യുധിഷ്ഠിരനും, സോദരന്മാരും ജന്മനാതന്നെ സത്യധർമ്മപരായണന്മാരും പാപരഹിതന്മാരുമാകുന്നുവെന്നു കാണിച്ചു. അപ്രകാരമായാൽ, അവർ മിഥ്യാഭാഷണംചെയ്തു. പാപംചെയ്തു എന്നു പറയുന്ന ഭാഗങ്ങൾ അന്യന്മാരാരോ മഹാഭാരതത്തിൽ ചേർത്തിട്ടുള്ളവയാകുന്നു.

ശ്രീകൃഷ്ണചരിത്രവും, മഹാഭാരതപ്രകാരം അപൂർവ്വവും അനിന്ദിതവും ആകുന്നു. ശ്രീകൃഷ്ണൻ ഒരു രാജ്യത്തിലേയും രാജാവായിരുന്നില്ല. അദ്ദേഹത്തിന് രാജ്യമേ ഉണ്ടായിരുന്നില്ല. എങ്കിലും, അദ്ദേഹം, ബാല്യകാലത്തുതന്നെ ലോകോപകാരത്തിനായിട്ട്, അത്യാചാരിയും ദ്രോഹിയുമായ കംസനെ നിഗ്രഹിച്ചു. തന്മൂലം കൃതജ്ഞതാവശരായ യാദവന്മാർ, അദ്ദേഹത്തെ മഥുരയിലെ രാജാവാക്കാൻ ആഗ്രഹിച്ചു. ആവക പ്രലോഭനങ്ങളെ ലേശവും വകവയ്ക്കാതെ അദ്ദേഹം അവരോട് പറഞ്ഞതായ വാക്കുകൾ, എന്നും സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടവതന്നെയാകുന്നു. അദ്ദേഹം പറയുന്നു. "രാജ്യലോഭംനിമിത്തമല്ല ഞാൻ എന്റെ മാതുലനെ വധിച്ചത്. ലോകോപകാരത്തിനായും കീർത്തിസ്ഥാപനത്തിനുവേണ്ടിയും ഞാൻ അദ്ദേഹത്തെ ഹനിച്ചു." × അനന്തരം അദ്ദേഹം, ജരാസന്ധൻ, ശിശുപാലൻ മുതലായ രാജാക്കന്മാരുടെ വധകർമ്മം സാധിച്ചു. അനേകരാജാക്കന്മാരെ യുദ്ധത്തിൽ പരാജിതരാക്കി. ലോകോപദ്രവികളും ദുഷ്ടന്മാരുമായ രാജാക്കന്മാരോട് ജീവിതകാലം മുഴുവൻ യുദ്ധംചെയ്ത് എല്ലാററിലും വിജയംപ്രാപിക്കയും ചെയ്തു. എങ്കിലും, യാതൊരു രാജ്യത്തും സ്വാധികാരം സ്ഥാപിക്കാൻ അദ്ദേഹം ആഗ്രഹിച്ചിട്ടില്ല. കംസവധത്തിനുശേഷം, അദ്ദേഹത്തിന്റെ പിതാവിനെ മഥുരാരാജാവാക്കി അഭിഷേകംചെയ്തു. ശിശു

* അനുശാസനം ൧൬൭. = സ്ത്രീപർവ്വം ൧൫. + സ്ത്രീപർവ്വം ൨൬.

× ഹരിവംശം വിഷ്ണുപർവ്വം ൩൩,

പാലൻ, ജരാസന്ധൻ, ഇവരെ നിഗ്രഹിച്ച് അവരുടെ പുത്രന്മാൎക്കുതന്നെ രാജ്യത്തെ പ്രദാനംചെയ്തു. ഒരു രാജ്യത്തേയും ഒരിക്കലും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. ബാല്യപ്രായത്തിൽപോലും, മോഹലോഭങ്ങളില്ലാത്തവനും സുചരിത്രനുമായിരുന്നു. അദ്ദേഹം നിഷ്കാമധൎമ്മത്തെ ദേശസേവനംചെയ്യുന്നവരുടെ മുമ്പിൽ സ്ഥാപിച്ചു. ദേശത്തെ ഉദ്ധരിക്കുന്നതിന് അതല്ലാതെ മററു മാൎഗ്ഗമില്ലെന്നു കാണിച്ചു. കൈശോരാവസ്ഥയിൽ തുടങ്ങി അപൂൎവ്വാദൎശങ്ങളെ പ്രദൎശിപ്പിച്ച അദ്ദേഹം, സ്വദേശത്തെ ഉദ്ധരിക്കുന്നതിനായി ഗീതയെ ഗാനംചെയ്തിട്ട് സ്വന്തം ജീവിതത്തെ അതിനനുഗുണമായി സജ്ജമാക്കി. അദ്ദേഹം വാക്കിലും പ്രവൃത്തിയിലും സൎവ്വത്ര സമദൎശിയും, ധൎമ്മസംസ്കാരകനും, ദേശസ്നേഹിയും, ഉദാരനും, മഹാ ബലവാനും, മഹാ യോദ്ധാവും, മഹാ ശാസ്ത്രജ്ഞനും, നീതികോവിദനും ആയിരുന്നു. അദ്ദേഹം, ധൎമ്മജ്ഞനും, കൎത്തവ്യനിഷ്ഠനുമായിരുന്നു. ഹാ! എന്തൊരു ജ്ഞാനം, കൎമ്മധൎമ്മങ്ങളുടെ സുന്ദരമായ സാമഞ്ജസ്യവും, അപൂൎവ്വമായ ആദൎശമാഹാത്മ്യവും ഇപ്രകാരം എവിടെ ലഭിക്കും? ഇപ്രകാരം, സൎവ്വതോമുഖമായ ജ്ഞാനവും, ബഹുപ്രകാരമായ കൎമ്മവും, വിശുദ്ധവും, സാൎവ്വജനീനവുമായ ധൎമ്മവും, അത്യുദാരമായ സ്വദേശസ്നേഹവും ആരുടെ ജീവിതത്തിൽ കാണാൻകഴിയും?

മഹാഭാരതത്തിൽ ഇപ്രകാരം പറയുന്നു. "കൃഷ്ണൻ ഷഡൈശ്വൎയ്യസമ്പന്നനും സൎവ്വഗുണഭൂഷിതനുമായ അസാധാരണപുരുഷനാകുന്നു" കൃഷ്ണൻ, കാമക്രോധലോഭഹിംസാദികളായ ഒന്നുകൊണ്ടും ധൎമ്മത്തേ പരിത്യജിക്കയില്ല. * എവിടെ ധൎമ്മമുണ്ടോ, അവിടെ കൃഷ്ണനുണ്ട്. എവിടെ കൃഷ്ണനുണ്ടോ അവിടെ വിജയമുണ്ട്. = സമസ്ത ഗ്രഹങ്ങളുടേയും മദ്ധ്യത്തിൽ, സൂൎയ്യൻ എപ്രകാരമോ, സകലരാജാക്കന്മാരുടെ മദ്ധ്യത്തിൽ ശ്രീകൃഷ്ണനും അപ്രകാരമാകുന്നു. +

പരീക്ഷിത്ത് മൃതപ്രായനായി കിടന്നപ്പോൾ ശ്രീകൃഷ്ണൻ പറഞ്ഞു: "മുൻപ് ഞാൻ അണുമാത്രം പോലും അസത്യം പറയുകയോ യുദ്ധത്തിൽ പരാങ്മുഖനാകയോ ചെയ്തിട്ടില്ലെങ്കിൽ, ആ പുണ്യബലത്താൽ ഈ ശിശു ജീവിക്കട്ടെ. സത്യധൎമ്മങ്ങൾ എന്നിൽ സ്ഥിരപ്രതിഷ്ഠങ്ങളാണെങ്കിൽ ഈ ശിശു ജീവിക്കട്ടെ. ×

മിഥ്യാവാദികളുടേയും വഞ്ചകന്മാരുടേയും മുഖത്തുനിന്ന് ഇപ്രകാരമുള്ള വാക്ക് ഒരിക്കലും പുറപ്പെടുകയില്ല.

ഏതൊരു മഹാഭാരതം, ശ്രീകൃഷ്ണന്റെ ഈദൃശമനോഹരവിഗ്രഹത്തേ നിൎമ്മിച്ച്, "അങ്ങുതന്നെ പുരുഷോത്തമൻ" എന്നുപറഞ്ഞു പൂ

* ഉദ്യോഗപൎവ്വം ൯൭. = ഭീഷ്മപൎവ്വം ൨൨. + സഭാപൎവ്വം ൩൬.
× അശ്വമേധപൎവ്വം ൬൯.

ജിച്ച്, ഏതൊരു മഹാഭാരതം, യുധിഷ്ഠിരനെ സത്യനിഷ്ഠയുടെയും ധർമ്മപരായണതയുടെയും ആദർശമൂർത്തിയാക്കി, "അങ്ങുതന്നെ ധർമ്മരാജാവ്" എന്നു സ്തുതിച്ചു? ആ മഹാഭാരതത്തിനുതന്നെ വീണ്ടും ഈ ചിത്രങ്ങളെ കളങ്കപങ്കിലമാക്കാൻ കഴിയുമോ?

എന്നാൽ, പലഭാഗങ്ങളിലും കൃഷ്ണന്റെ വിപരീതവർണ്ണനകാണാൻ കഴിയും. ഹ്രസ്വദൃഷ്ടികളായ ലേഖകന്മാർ, നാടകക്കാർ, കഥാകൃത്തുകൾ മുതലായ പലരും, അദ്ദേഹത്തെ മഥുരയിലെ രാജാവാക്കിയിരിക്കുന്നു. ഭക്തിരസത്തിന്റെ ചെറിയ ഉറവ് തുറക്കാൻ പുറപ്പെട്ട് ആദ്യരസത്തിന്റെ പ്രവാഹത്താൽ ദേശത്തെ ആമഗ്നനാക്കി കൃഷ്ണനേയും ഒഴുക്കിയിരിക്കുന്നു. ഇതിൽനിന്ന് അദ്ദേഹത്തെ ഉദ്ധരിക്കാൻ ആർക്കുതന്നെ സാധിക്കും? ഇവിടെ ശ്രീകൃഷ്ണനെക്കുറിച്ച് അനുകൂലമായി ചിലതുപറയുന്നത് പരിഹാസയോഗ്യമാകുന്നതിൽ എന്താണാശ്ചര്യം?

ശ്രീകൃഷ്ണയുധിഷ്ഠിരന്മാരുടെ സകല ചരിത്രങ്ങളും നിന്ദിതങ്ങളാണെങ്കിൽ, മഹാമഹോപാദ്ധ്യായ ഹരപ്രസാദശാസ്ത്രി ആരെ ലക്ഷ്യമാക്കി എഴുതിയിരിക്കുന്നു? മഹാഭാരതത്തിലെ നീതി സാർവ്വജനീനവും, ആദർശസർവോൽകൃഷ്ടവുമാകുന്നു. *

അസാമാന്യപ്രതിഭാശാലിയായ ബങ്കിമചന്ദ്രൻതന്നെ ഏതെങ്കിലും ഗുണങ്ങളാൽ മുഗ്ദ്ധനായിട്ട് എഴുതിയെന്നുവരുമോ? "കൃഷ്ണചരിത്രം വിശുദ്ധതയാലും ഗുണപൌഷ്കല്യംകൊണ്ടും തുല്യമില്ലാത്തതാകുന്നു"

ശ്രീകൃഷ്ണയുധിഷ്ഠിരന്മാരുടെ ചരിത്രം നിന്ദിതമാണെങ്കിൽ ഋഷികൾ ഇതിന്റെ മാഹാത്മ്യത്തെ ശ്ലാഘിക്കുമോ? ഓരോ ഹിന്ദു സ്ത്രീപുരുഷന്മാരും ഇവയെ പ്രഭാതത്തിലെ മംഗലഗാനമാക്കുമോ? അവരെല്ലാം ആ സ്മരണാതീതമായ കാലം മുതൽ ഇന്നേവരെ എല്ലാ പ്രഭാതങ്ങളിലും ആനന്ദപൂർവം ഗാനം ചെയ്യുമോ?

പുണ്യശ്ലോകോ നളോരാജാ പുണ്യശ്ലോകോ യുധിഷ്ഠിരഃ
പുണ്യശ്ലോകാച വൈദേഹീ പുണ്യശ്ലോകോ ജനാർദ്ദനഃ

പി. ശേഷാദ്രി അയ്യർ, ബി. ഏ. ബി എൽ.

---

* His history of India. P. 56.

# ഊർ ചുറ്റിയ പത്രാധിപർ.

(ചെറുകഥ)

"പ്രജ്ഞാനംതാൻ, പ്രമാണംതാൻ,
പ്രാജ്ഞരോടുള്ള ചേച്ച്താൻ,
മൂന്നാലൊന്നിങ്കലൂന്നാഞ്ഞാൽ
തോന്നാ വേണ്ടുന്നതൊന്നുമേ—"
പോരാ—
തൊന്നും വേണ്ടാത്തതൊക്കെയും.
(എന്നു പാഠാന്തരം സ്വന്തം)

ഉടുപ്പ് ഖദർ. വെളുത്തു് മെല്ലിച്ച് കറുകിയ ഒരു ദേഹം. മുഖത്തുനോക്കിയാൽ ഒരു ചൊടി. എല്ലാററിന്നും ഒരു ധൃതി. ഇടതുകയ്യിലടങ്ങിയ ഇംഗ്ലീഷ് പുസ്തകക്കൂട്ടത്തിൽ ചില മലയാളമാസികകൾ,—എഴുതിമുഴമിച്ചിട്ടില്ലാത്ത ചില ലേഖനങ്ങൾ, കീശയിൽ ഒരു രശീതിപുസ്തകം. വലതുകയ്യിൽ കാണുന്നവക്കൊക്കെ സമ്മാനിക്കുന്ന കുറെ നൊട്ടീസ്സ് പ്രതികൾ. ഇങ്ങിനെയെല്ലാംകൂടിയ ഒരു യുവാവ് പട്ടണത്തിൽ നാം ചായകഴിപ്പാനിരുന്നിരുന്ന ക്ലബ്ബിലെ മുകളിലെ പ്രാന്തയിലേക്ക് ചുറുചുറുക്കോടെ കയറിവന്നു. ചുററും നോക്കിയപ്പോൾ കണ്ടവരിൽനിന്നെല്ലാം കുറെ അകന്നൊരിടത്തിരുന്നിരുന്ന നമ്മുടെ അടുത്തുവന്ന് ഒരു നോട്ടംകൊണ്ടു്, മററുള്ളവരുടെയെല്ലാം പ്രകൃതി വായിച്ചറിഞ്ഞുവെന്ന ഭാവത്തോടെ രണ്ടാംനോട്ടം നമ്മുടെനേക്കാക്കി നമുക്കെതിരായുള്ള കസേരമേൽ സ്ഥിതിചെയ്തു. ചായക്കടയിലെ ഭൃത്യന്മാർ, പുതുതായെത്തിയ മനുഷ്യനോട് "എന്തൊക്കെ വേണമാവോ?" എന്നു ചോദിച്ച ചോദ്യത്തിന്ന് "നിണക്കിഷ്ടമുള്ളതു് കൊണ്ടുവാ" എന്നു പറഞ്ഞു് അദ്ദേഹം തൻെറ ഭക്ഷണകാൎയ്യത്തിലുള്ള അനാസ്ഥ പ്രദൎശിപ്പിച്ചുവെങ്കിലും, മുഖത്തുണ്ടായിരുന്ന ക്ഷീണംകൊണ്ടു് വളരെ വിശന്ന് തളൎന്നിരിക്കുന്നുവെന്നു നമുക്കു തോന്നി.

വന്നിരുന്ന ഉടനെ പുസ്തകക്കെട്ടും മററും തീൻമേശമേൽവെച്ച് പോക്കററിൽനിന്ന് പെനൊടുത്ത് എഴുതി പകുതിയിൽ നിൎത്തിയിരുന്ന ചില കടലാസ്സുതുണ്ടുകൾ നിവൎത്തി ആ പണി മുഴമിക്കാനിരുന്നു. കാൽ വിറപ്പിച്ച് തിരക്കായി ചിലതെഴുതിയും അതിൽതന്നെ ചിലതു തടഞ്ഞും, അതിനിടെ മററു പുസ്തകങ്ങളിലും മാസികകളിലും ഓരോന്നു നോക്കിയും, വീണ്ടും പേന നടത്തിയും പ്രവൃത്തിതുടങ്ങുന്നതിന്നിടയിൽ താഴെപോയ ചെറുക്കൻ ചില പലഹാരങ്ങളും ചായയും മേശപ്പുറത്ത് കൊണ്ടുവെച്ചുംകൊണ്ടു് പോയി. തുടൎന്ന ജോലി മുടക്കാതെ ഇടതുകൈകൊണ്ടു് ചില കഷണങ്ങളെടുത്തു് അവയോടുകൂടി ആ ചായ

* ഇത് ഗോൾഡ്സ്മിത്തിൻെറ സ്റ്റ്റോളിങ് പ്ളെയർ (Strolling player) എന്ന കഥയുടെ അനുകരണമാണ്.

യും ആരുമന്നതിൻമുമ്പുതന്നെ മൂന്നുനാലു വട്ടമായി പകുതിയോളമകത്തേക്കിറക്കി. മട്ടുകളെല്ലാം കണ്ടപ്പോൾ, പറയത്തക്ക ജോലികളൊന്നും തന്നെ ഇത്ര ധൃതിയായി ചെയ്തൊപ്പിക്കുവാനില്ലാത്ത നാമും, കുറച്ചുനേരം വിദ്വാൻ ചെയ്യുന്ന തകൃതിത്തൊഴിലുകളെന്തൊക്കെയാണെന്നറിവാനുള്ള താല്പയ്യത്തോടെ, ഒരു സിഗരറ്റും പിടിപ്പിച്ച് അവിടെതന്നെ ക്രൂട്ടുകയാണുണ്ടായത്.

ഇതിനിടയിൽ മുകളിൽ വന്നിരുന്നവർ മിക്കവരും ചായകഴിച്ചിറങ്ങിപ്പോയി. ഇങ്ങിനെ കഷ്ടിച്ച് അരമണിക്കൂർ കഴിഞ്ഞപ്പോഴക്ക്, എഴുതിയിരുന്ന കടലാസ്സുകൾ ഒരുവിധം തീർന്നു. മറെറാരു കടലാസുകഷണമെടുത്ത് രണ്ടാമതൊന്നാരംഭിക്കുന്നതിന്നിടയിലുള്ള സമയം വിശ്രമാത്ഥമുപയോഗിപ്പാനുറച്ച് യുവാവ് മുഖമൊന്നുയത്തി. ചായയും പലഹാരവും കഴിച്ച് പാത്രമൊഴിച്ച ഉടനെ, മററാരെയും കാണാത്തപ്പോൾ തന്നെത്താൻ "സമയം വളരെ വിലപിടിച്ചതാണ്" എന്നും ഉടൻതന്നെ, കുറെനേരമായി സിഗരറ്റുംവലിച്ച്, വന്ന മനുഷ്യൻെറ വ്യാപാരങ്ങൾ സകൌതുകം വീക്ഷിച്ചുകൊണ്ടിരുന്ന നമ്മെ ഗ്രഹിപ്പിക്കാനായിരിക്കാം, വ്യാഖ്യാനിച്ചുംകൊണ്ട്, "Time is very precious you, know" എന്നും പറഞ്ഞു് വിനോദാത്ഥം ഒരു സംഭാഷണമാരംഭിക്കുന്നതിൻെറ മുഖവുര കഴിച്ചു. സിഗരറ്റുവലിച്ച് മേലോട്ടു് പുകയുംവിട്ടു് അതിൻെറ പലവിധ രൂപങ്ങളും നോക്കി ആനന്ദിച്ചുംകൊണ്ടിരുന്ന നാം മറുവടിയായി പതുക്കെ, "എനിക്ക് മലയാളവും അറിയാം" എന്നു വിനയത്തോടെ പറഞ്ഞുനിത്തി.

ഉടൻതന്നെ വിദ്വാൻ "സാറിന് സാഹിത്യം?" എന്നു പറഞ്ഞു് ഭാവംകൊണ്ടു് അറിയുമോ എന്ന് ചോദ്യംചെയ്തു.

ഇത്തരം ചോദ്യങ്ങൾക്ക് ഒററവാക്കിൽ ഉത്തരം പറവാനുള്ള അശക്യതകൊണ്ട് എടുക്കുന്ന അത്ഥത്തിലെടുത്തുകൊള്ളട്ടെ എന്നു കരുതി, ഉഭയാത്ഥത്തിൽ വ്യക്തമാക്കാതെ നാമും ഒരു മൂളൽ മൂളി.

കേട്ടനിമിഷത്തിൽ മുൻപറഞ്ഞപ്രകാരംതന്നെ, "കവിത? പത്ര? (അല്പം നിറുത്തി) രാഷ്ട്രീയ? എന്നുവെച്ചാൽ "പൊളിററിക്സ്" എന്നത്ഥം—അഭിപ്രായം?—ഞാൻ ചോദിക്കുന്നതിൻെറ താല്പയ്യം ഐമീൻ—കക്ഷിയേതാണാവോ?" ഉദ്ദേശിക്കുന്ന കായ്യങ്ങളിൽ അല്പം ചിലതു് മനസ്സിലായും പകുതിയിലധികവും മനസ്സിലാകാതെയും ഉള്ള ഉഴൽചക്കിടയിൽ, എന്നെ ഇദ്ദേഹം സഹകരണത്യാഗികളിൽപെട്ട വല്ല വക്കീൽമാരാരെങ്കിലുമാണെന്ന് തെററിദ്ധരിച്ചിട്ടോ എന്നു സംശയിച്ച് "ഞാൻ വക്കീലല്ല" എന്നുമാത്രം മറുവടി പറഞ്ഞു.

ഉടനെ മറെറയാൾ "എക്സ്ക്യൂസ് മി" (Excuse me.) സാറിന് ഇപ്പോഴത്തെ "അപ്പ്ടുഡേററ്" (Uptodate) ഒന്നും ഇല്ലായിരിക്കാം

എന്നും പറഞ്ഞു് തന്റെ സംഭാഷണം കുറെ വാച്യപ്രധാനമാക്കുവാൻ ശ്രമിച്ചു. "പത്രപ്രവൎത്തനത്തിൽ സാർ പരിചയിച്ചിട്ടുണ്ടോ?"

നാം:—ചില പത്രങ്ങളെല്ലാം വായിക്കാറുണ്ടു്.

നമ്മുടെ യുവാവ്:—മാസികകളോ?

നാം:—ചിലതെല്ലാം കിട്ടിയാൽ നോക്കും.

യുവാവ്:—ഓ ഫോ! ലേഖകവൃത്തി?—

നാം:—അല്പാല്പം വല്ലതും നമുക്ക് രസിക്കുംപോലെ കുത്തിക്കുറിച്ചിട്ടില്ലെന്നു് പറഞ്ഞുകൂടാ—

യുവാവ്:—എന്നാൽ സാർ നമ്മെയും അറിവാനിടയുണ്ടല്ലൊ. എന്നു പറഞ്ഞു് തന്റെ വശമുണ്ടായിരുന്ന നൊട്ടീസ്സുകെട്ടിൽനിന്നു് ഒരു നൊട്ടീസ്സെടുത്തു് നമുക്ക് സമ്മാനിച്ചു. ഇതിനിടെ ചായ്ക്കടക്കാരൻ ബിൽ കൊണ്ടുവന്നു് ഞങ്ങൾ രണ്ടുപേരുടേയും മുമ്പിൽ വെച്ചു. ഞാൻ പരസ്യം വായിച്ചുകഴിഞ്ഞ ഉടനെ കീശയിൽനിന്നു് ചില്ലാനമെടുക്കുമ്പോഴേക്കും ചങ്ങാതി പെന്നെടുത്തു് തന്റെ ഷട്ടിൻപോക്കററിലുള്ള രശീതിപുസ്തകമെടുത്തു് താൻ പുതുതായി പുറപ്പെടുവിക്കുന്ന "എതിരാളി" എന്ന മാസികയുടെ ഒരു കൊല്ലത്തെ വരിസംഖ്യ കിട്ടിബോധിച്ചനിലയിൽ ഒരു രശീതിയെഴുതി മുഴമിച്ച് നമ്മുടെ പേരെന്തെന്നറിവാനായി ചോദ്യംചെയ്തു.

നാം:—എന്നെ സാധാരണയായി "രസികൻ" എന്ന നിലയിലാണു് അറിഞ്ഞുവരുന്നതു്.

യുവാവ്:—സാറിന്റെ "പെൻ നെയിം" (Pen name) അതായിരിക്കാം. എന്നാൽ രശീതിയിലും അങ്ങിനെതന്നെയായ്ക്കളയാമെന്നെഴുതിക്കഴിഞ്ഞു. "ഞാനായി നൂതനമായി പരിചയപ്പെട്ടതിന്റെ സ്മരണക്ക് ഇതിൽ സാറും ചേരണം. ഞങ്ങൾക്ക് "രസിക"ന്മാരും കുറെ ആവശ്യമുണ്ടു്. എന്നു പറഞ്ഞു് രശീതി എന്റെ പോക്കററിലിട്ടു."

ഏതായാലും ചായക്കടക്കാരന്നു് ഞങ്ങളുടെ രണ്ടുപേരുടേയും കൂടിയ ബിൽപ്രകാരമുള്ള സംഖ്യ ഞാൻ കൊടുത്തു.

പുസ്തകംവായനയിലുള്ളപോലെതന്നെ, ആളുകളെ കണ്ടറിയുവാനും നമുക്ക് അഭിരുചിയുണ്ടു്. അതിനാൽ പുതുതായ പുസ്തകങ്ങൾ വാങ്ങുന്നതിൽ വല്ലതും രസിപ്പാൻ വകയുണ്ടെങ്കിൽ കയ്യിൽ പണമിരുന്നാൽ, വാങ്ങാൻ മടിക്കാറില്ലാത്തപോലെ ചില പ്രത്യേകസ്വഭാവക്കാരായി പരിചയമാകുവാൻവേണ്ടി അല്പാല്പം സംഖ്യകൾ ചെലവിടേണ്ടിവന്നാലും നമുക്ക്, അവരുടെ സ്വഭാവംകണ്ടു് രസിപ്പാനോ പഠിപ്പാനോ തരമുണ്ടെങ്കിൽ, കുണ്ഠിതംതോന്നാറില്ല. നമുക്ക് പുതുതായി പരിചയപ്പെട്ട ചങ്ങാതിയിൽനിന്നും നമുക്ക് രസിപ്പാനും പഠിപ്പാനും

ചിലതെല്ലാം കിട്ടുമെന്ന ഉറപ്പോടെ, കയ്യിൽകിട്ടിയ രശീതിപ്രകാരമുള്ള വരിസംഖ്യ കൊടുത്തു. ചങ്ങാതിയും നമ്മെ വിടുവാൻ താല്പര്യപ്പെടാതെ, "സാറെങ്ങോട്ടാണ്? എനിക്കും പ്രത്യേകിച്ച് ഇന്ന സ്ഥലത്തേക്ക് പോകേണമെന്നില്ല. വിരോധമില്ലെങ്കിൽ കുറേനേരം ഒന്നിച്ചുതന്നെ പോകാം" എന്നു പറഞ്ഞു് ഞങ്ങൾ രണ്ടുപേരും താഴത്തിറങ്ങി.

നിരത്തിലിറങ്ങി ഞങ്ങൾ ആൾത്തിരക്കധികമില്ലാത്ത ഒരു ചെത്തിലൂടെ, സമയം വൈകുന്നേരമായതിനാൽ നേരെ കടപ്പുറത്തേക്കാണ് പോയത്.

പോകുംവഴിയിൽ ഞാൻ നമ്മുടെ "എതിരാളി"യുടെ നൊട്ടീസ്സ് വീണ്ടും വീണ്ടും വായിച്ചുനോക്കിയിട്ടും എനിക്ക് ആ പത്രത്തിന്റെ ആവിർഭാവഹേതുവും, നയവും ഒന്നുംതന്നെ വ്യക്തമായി മനസ്സിലായില്ല. അതുകൊണ്ടു് അതിന്റെ പ്രവർത്തകന്മാരാരൊക്കെയാണെന്നു ചോദ്യം ചെയ്തു.

"ഇതിന്റെ ഉടമസ്ഥനും, മാനേജരും, പത്രാധിപരും എല്ലാം ഞാൻതന്നെയാണ്. പ്രധാനലേഖകനും മററാരുമല്ല—"

നാം:—എന്തായിരിക്കും ഇതിന്റെ നയം? "എതിരാളി"എന്ന പേർകൊണ്ടു് എതിർക്കുകയാണെന്നു മനസ്സിലായി. പക്ഷേ, ആരെ, അല്ലെങ്കിൽ എന്തിനെ, എന്നേ വ്യക്തമാകായ്കയുള്ളു.

നമ്മുടെ എതിരാളി പത്രാധിപർ:—"ആരേയും, എന്തിനേയും, എപ്പോഴും, എവിടേയും, എങ്ങിനേയും എതിർക്കുകതന്നെ."

നാം:—അങ്ങിനെ കണ്ണുംചിമ്മി ആരേയും എന്തിനേയും എതിർക്കുക എന്ന ഏകനയം കൈക്കൊണ്ടാൽ ജനസാമാന്യത്തിന്നു രസിക്കുമോ?

പത്രാ:—ഛെ! രസിക്കുക, രമിക്കുക ഇതൊക്കെ സ്ത്രീകൾക്കു ചേർന്ന വാക്കുകളാണ്. ഇതിലൊന്നും പൌരുഷമില്ല. എതിർക്കുക, തകർക്കുക, ആക്കുക, ക്രൂക്കുക, വീക്കുക ഇവയെല്ലാമാണ് പുരുഷപ്രയോഗങ്ങൾ. അതുകൊണ്ടല്ലേ ഞാൻ എന്റെ പത്രത്തിന്നു ഒരു സ്ത്രീസംബന്ധിതന്നെ വേക്കാത്തത്. "രസികരഞ്ജിനി", "വിദ്യാവിനോദിനി", "ഭാഷാപോഷിണി" മുതലായ മാസികകളെപ്പോലെയുള്ള പെൺപേരുകളോ, അവയിലുണ്ടായിരുന്നപോലെ, രസിപ്പിക്കാനൊ, വിനോദിപ്പിക്കാനോ രമിപ്പിക്കാനോ ഉള്ള ലേഖനങ്ങളൊ അല്ല നമ്മുടെ എതിരാളിയിൽ കാണാകുന്നവ. ഇതു് കുറെ ആണത്തത്തോടുകൂടിയതായിരിക്കും. എന്നാലേ ഒച്ചപ്പാടും ഉണ്ടാകൂ.

നാം:—എന്നാൽ പുതുതായൊരു കളരി സ്ഥാപിച്ച്, ചില ശിഷ്യരെക്കൂടി കുറെ കച്ചകെട്ടും പയററും ശീലിപ്പിക്കേണ്ടതുണ്ടാകുമല്ലൊ.

പത്രാ:—വേണ്ടാ അതിന്നുപററിയശിഷ്യരെ കുറെ ശീലിപ്പിച്ചുകഴിഞ്ഞി

ട്ടുമുണ്ട്. അല്ലാതെ ഇങ്ങിനെ വെറുതെ പേർ പരത്തുവാനും പുറപ്പെടുമോ? ഇത്രനല്ല വിദ്യ വേറൊന്നില്ല. ആരേയും എതിക്കതന്നെ. എന്തൊന്നുപറഞ്ഞാലും എന്തൊന്നെഴുതിയാലും എതിക്കതന്നെ. അങ്ങിനെയായാൽ എത്രയെളുപ്പത്തിൽ പേരെടുക്കാം.

നാം:—എന്നാൽ "പോരാളി" എന്ന് പേരിടുകയല്ലേ നല്ലത്?

പത്രാ:—അതും ഞാനാലോചിയ്ക്കായ്കയില്ല. "പോരാളി"ക്ക് ഒരു കാരണവും, എതിരേ വരാൻ ഒരാളും വേണം എതിപ്പ്വാൻ. "എതിരാളി"ക്കതുവേണ്ടാ. എതിരാളി ജന്മനാ സർവരുടേയും എതിരാളിയാണ്.

നാം:—എതിരാളിയോട് എതിക്കുവാനുള്ള കാരണം ചെന്നായ പറഞ്ഞപോലെ, ഇപ്പോഴല്ലെങ്കിൽ മുമ്പ്—നീയല്ലെങ്കിൽ നിന്റെ ഏട്ടൻ—ചെയ്തിട്ടുണ്ടാകും. എന്നമട്ടിൽ അല്ലേ? ഇങ്ങിനെയാണെങ്കിൽ നിങ്ങൾക്കെങ്ങിനെ വിഷയം ലഭിക്കുമെന്നാണെനിക്കിപ്പോഴുമുള്ള സംശയം.

പത്രാ:—സാറിന്ന് ഇപ്പോഴത്തെ ആശയങ്ങൾ എന്നുവെച്ചാൽ മോഡൻ ഐഡിയാസ് (Modern ideas) ഒന്നു മറിയില്ല. പേർ പരത്തുവാനിത്ര നല്ലവിദ്യ വേറെ ഒന്നുമില്ല. കൈകണ്ട് അനുഭവപ്പെട്ടിട്ടുള്ള വിദ്യയാണ്. മനസ്സിലായോ? നമുക്കു വിഷയം അന്യന്റേത് തന്നെ—കേരളത്തിലുണ്ടോ വഴക്കിന്നു വിഷമം?

നാം:—വഴക്കുകൂട്ടീട്ടെങ്ങിനെയാണ് പേരെടുക്കുന്നത്? എന്താ കേരളത്തിൽ വിഷമമില്ലെന്നു പറഞ്ഞത്?

പത്രാ:—ഉദാഹരണമായി ഈ നാട്ടിൽ ഒരു നമ്പൂതിരി ഒരു നോവലെഴുതി എന്നു വിചാരിക്കട്ടെ. എടുത്തുകൂടെ തൂലിക—എന്നുവെച്ചാൽ പെൻ (Pen)—നമ്പൂതിരിമാരും നോവലെഴുതിത്തുടങ്ങി എന്ന്? പോരെങ്കിൽ തുടങ്ങി എന്നതിന്നുശേഷം ഒരു അത്ഭുതചിഹ്നവം—തെററിസാർ—ഒരു ഇന്ററഡക്ഷനുമാക്കും (?) എന്നാൽ എത്ര നമ്പൂതിരിമാർ അതു വായിക്കും? പിന്നെ അവർ വല്ലതും തുടന്നാൽ നമുക്കു വശമല്ലെ ശകാരഭാഷ? അതുപോലെതന്നെ, അതിലും താണപടിക്കാരനായ എളയത് വല്ലതും കുറിച്ചാൽ പറഞ്ഞുകൂടെ "ഇമിറേറഷൻ ബ്രാഹ്മണ"നെന്ന്? പിന്നെ അട്ടടെമുഖത്തുപ്പുതേച്ചപോലെയാവില്ലേ. അവരുടെ സ്ഥിതി? അല്ല, ക്ഷത്രിയന്മാരോ തമ്പുരാക്കന്മാരോ വല്ലതും എഴുതിയാൽ ആക്ഷേപിച്ചുകൂടെ—തലക്ക് സ്ക്രൂറില്ലാത്ത തമ്പുരാൻ എന്നും മററും? അതുപോലെതന്നെ ഇത്രയും പത്രലോകത്തിൽ വഴക്കടിക്കാനും വക്കാണിപ്പാനും കേരളത്തിലെ ജാതിക്കുഴപ്പങ്ങളും കക്ഷിമത്സരങ്ങളും വളരെ സഹായിക്കുന്നുണ്ട്. കേരളത്തിലെ എഴുത്തുകാരെ നമ്പൂതിരിക്കവി, പട്ടർക്കവി, വാരിയർക്കവി, നായർക്കവി, തിയ്യർക്കവി, ബ്രാഹ്മക്കവി മാപ്പിളക്കവി, പുതുമാപ്പിളക്കവി എന്നിങ്ങിനെ പലതരക്കാരുമായി വി

ജിച്ച് കലശൽ കൂട്ടാം. ഇങ്ങിനെ ഒരു കക്ഷിയിൽ പെട്ടവരെ ആക്ഷേപിക്കുന്നതു് മററു സമുദായത്തിൽ പെട്ടവരെയെല്ലാം വളരെ സന്തോഷിപ്പിക്കാം. അവരെല്ലാം വായിച്ച് സ്തുതിക്കയും ചെയ്യും. പക്ഷെ "ഏളുവിനെപ്പോലെതന്നെ താളുവിനേയും" ഇങ്ങിനെ ശകാരിപ്പാനിത്ര തഞ്ചമുണ്ടായിട്ടും ശകാരിച്ചാൽ ഇത്രവളരെ പേരെടുപ്പാനും കഴിയുന്നതുമായ ഒരു ലോകംതന്നെ വേറെയില്ല. അതുകൊണ്ടു് ഞാനീ രാജ്യത്തും ഈ കാലത്തുമാണല്ലൊ ജനിച്ചുവളന്നതു് എന്ന ഒരു സന്തോഷം എനിക്കു കുറച്ചൊന്നുമല്ല.

നാം:—ഇങ്ങിനെ ശകാരിക്കുമ്പോഴും കലശൽ കൂട്ടുമ്പോഴും പത്രങ്ങൾ അവ പ്രസിദ്ധപ്പെടുത്തുവാൻ മടിക്കയില്ലെ?

പത്രാ:—അയ്യാ! അതിലല്ലെ രസം? പത്രങ്ങളിലും മാസികകളിലും ആക്കെഴിയും അധികം ശകാരിപ്പാനും ശക്തിയിൽ കലശൽക്കൂട്ടാനും—അവക്കേ ഈ കാലത്തു സ്ഥാനമുള്ളൂ. എന്തിനധികം പറയുന്നു; ഈ എനിക്കുതന്നെ പലദിക്കിൽനിന്നും "ഓഫർ" വന്നതു്, ആരെയും ശകാരിച്ചെഴുതുവാൻ കഴിഞ്ഞതുകൊണ്ടാണു്. മുഹമ്മദീയപത്രങ്ങൾ ഹിന്തുപത്രങ്ങളെ, മിതവാദികൾ അമിതവാദികളെ, ബ്രാഹ്മണർ അബ്രാഹ്മണരെ, തിയ്യർ ബുദ്ധരെ, നായർ ക്രിസ്ത്യാനിയെ ഇതുമാത്രമോ, അതിൽതന്നെ പല അവാന്തരവിഭാഗക്കാർ തമ്മിൽ തമ്മിലും ഹ! ഹ!! ഹ!!! ഇതിൽപരം ഒരു രസം എന്താണു്? (ഇത്രത്തോളം പറഞ്ഞപ്പോഴക്ക് നമ്മുടെ പത്രാധിപക്ക് ആഹ്ലാദം സഹിക്കവയ്യാതായി)

വീണ്ടും നമ്മുടെ പത്രാധിപർ:—കക്ഷിവഴക്കുകൊണ്ടു് എന്തെല്ലാം കാര്യങ്ങൾ വെളിവിലിടാം. കവികളെയാണെങ്കിൽ ഉള്ളൂർക്കക്ഷി വള്ളത്തോൾക്കക്ഷി ഇങ്ങിനെ പിടിച്ച് തരാതരംപോലെ എത്ര പേരെ ശകാരിക്കാം. എന്നുമാത്രമല്ല അവരുടെ സ്വകാര്യജീവിതത്തിൽക്കൂടി എന്തെല്ലാം കുറപരത്താം. എത്രയെത്ര പേരെ ദൂഷിക്കാം, കണ്ടിട്ടില്ലേ സാഹിത്യതാന്നും? ഇങ്ങിനെ പടിപടിയായി ആർ എന്തെഴുതിയാലും "ഡോസു" കൊടുപ്പാൻ നമുക്കുവയ്യേ? ആരുണ്ട് ചോദിപ്പാൻ? വാസ്തവം പറയട്ടെ. ഇങ്ങിനത്തെ വിദ്യ ഞാൻ കുറെക്കാലമായി തുടങ്ങീട്ട്. ഇങ്ങിനെയുള്ള പ്രയോഗങ്ങൾ എടുത്തുകൂട്ടീട്ടില്ലെങ്കിൽ എനിക്കിന്ന് സാഹിത്യത്തിലും പത്രലോകത്തിലും ഒരു സ്ഥാനമില്ലായിരുന്നു. നേരെ മറിച്ച് ഇങ്ങിനെയെല്ലാം എഴുതുകനിമിത്തം ഇന്നത്തെ വിമശകാഗ്രേസരൻ എന്നും വിദ്വൽശിരോമണി—എന്നും പണ്ഡിതാഗ്രേസരൻ എന്നുമുള്ള കീത്തിയും—മാഷ്പൂതരിക—എക്സ്ക്ലൂസമി—ഫേയിമും (Fame) നമുക്കു സിദ്ധിച്ചിരിക്കുന്നു.

നാം:—നിങ്ങളെന്തിനാണു് ഈ മലയാളത്തിൽ ഭംഗിയായി പറഞ്ഞ കാര്യങ്ങൾക്ക് ഉടനടി ഇംഗ്ലീഷ് വാക്കുപയോഗിക്കുന്നതു്,

പത്രാ:—സാറാണിങ്ങിനെ ഒരു ചോദ്യം ഒന്നാമതായി എന്നോട്ട് ചോദിച്ചിട്ടുള്ളത്. അതോ പറയാം. ഇവിടെയാണ് എൻെറ ജീവചരിത്രത്തിൽ ഒന്നുരണ്ടദ്ധ്യായം പകർത്തേണ്ടിവരുന്നത്. ഞാനാദ്യകാലത്ത് കുറെ കാവ്യങ്ങളെല്ലാം പഠിച്ചിരുന്നു. കൂട്ടത്തിൽ കുറെ നാടകാലങ്കാരങ്ങളും നോക്കിയിരുന്നു. ആ കാലങ്ങളിൽതന്നെ എനിക്കു പേരുപരത്തുവാൻ വലിയ മോഹമായിരുന്നു. അതുകൊണ്ടു് ഇടക്ക് അദ്ധ്യാപകൻ—എക്സ്ക്യൂസ്മി ഐമീൻ പ്രഫസർമാർ—വിവരിച്ചുതരാറുള്ള നോട്ടുകളിൽ നിന്നു് ചിലതെല്ലാം പകർത്തി, പൊട്ടും പൊടിപ്പും തൊങ്ങലും ചേർത്ത്, കാളിദാസൻെറ ഉപമ, ഭവഭൂതിയുടെ കരുണം, ശ്രീഹർഷൻെറ അലങ്കാരം എന്നും മററും എഴുതിയങ്ങ് കീർത്തിനേടുവാൻതുടങ്ങി. അപ്പോഴെക്കും ചില കണ്ണുകടിക്കാർ ഈയാൾക്കു "മോഡൻ ഐഡിയാസ്" ഒന്നുമില്ലെന്നു ആക്ഷേപിച്ചുതുടങ്ങി. അപ്പോൾ ഞാൻ "മോഡൻ ഐഡിയാസി"ൻെറ ഭണ്ഡാഗാരമായ ചില ഇംഗ്ലീഷ് ക്രിററിസിസം വായിക്കേണമെന്നുറച്ചു. വായിച്ചാൽ സ്വയം മനസ്സിലാകാനെനിക്കറിയുമോ? അതുമില്ല, കുഴങ്ങിയില്ലേ? ഇംഗ്ലീഷറിയുന്ന ചില ചെറുപ്പക്കാർ സ്നേഹിതന്മാരുടെ അടുത്തുചെന്നു് അവരോട്ട് ചില "ക്രിററിസിസം" പുസ്തകങ്ങളുടെ പേർ മനസ്സിലാക്കി ആദ്യം. എന്നിട്ടാവക പുസ്തകങ്ങളുടേയും അതുണ്ടാക്കിയ ആളുകളുടേയും പേരുകൾ മറക്കാതെ ചേർത്ത് ആവക പുസ്തകങ്ങളിലെ ഏതെങ്കിലും ചില ഭാഗങ്ങളെടുത്ത് ചില നിഘണ്ഡുക്കളുടേയും ചില സ്കൂൾ കുട്ടികളുടേയും സഹായത്തോടുകൂടി "പ്രഫസർ" ഇന്ന ആൾ ഇങ്ങിനെ പറയുന്നു എന്നും മററും ചേർത്ത് ആവക ഭാഗങ്ങൾ തർജ്ജമചെയ്തും, ചെയ്യിച്ചും "കൊട്ടേഷ"നിലിട്ടു് എൻെറ ചില കവിതാനിരൂപണങ്ങളിലങ്ങു തട്ടിമൂളിച്ചുവിട്ടു! അവ ശരിയോ തെറേറാ എന്നറിഞ്ഞില്ല. എൻെറ പഴയ കൂട്ടാളികളെല്ലാം അന്തംവിട്ടു. അവരെന്നെ ഒരു "ഇംഗ്ലീഷ് അതോറിട്ടി"യായി വർണ്ണിക്കാനും തുടങ്ങി. പിന്നെ കിട്ടിക്കഴിഞ്ഞ കീർത്തി നിലനിർത്തേണമെന്നാഗ്രഹം ആർക്കുമുണ്ടാവില്ലേ? ഞാൻ അതിൽപിന്നെ എന്തു പറയുമ്പോഴും നമ്മുടെ പഴയകൂട്ടുകാരെ ഭ്രമിപ്പിക്കുവാൻ ഇടക്കിടക്ക് ഇംഗ്ലീഷ് ഇപ്പറഞ്ഞപോലെ പൊട്ടിക്കാനും, തുടങ്ങി. പിന്നെ കേൾക്കുന്ന ഇംഗ്ലീഷ് വാക്കുകളെല്ലാം ചേർത്ത് കൈകാര്യം തുടങ്ങി. ഇപ്പോൾ എനിക്കിംഗ്ലീഷ് വിടാൻകഴിയാതായിരിക്കുന്നു.

നാം:—ഈ ഇംഗ്ലീഷിൻെറ സുഖക്കേട് ചൊല്ലിച്ചൊല്ലി "ഇപ്പടി ആച്ചാ" എന്ന മട്ടിൽ പറഞ്ഞു പറഞ്ഞുണ്ടായതാണല്ലേ?

പത്രാ:—ഹ! അതുകൊണ്ടു് എത്രപേർ ഞാനൊരു ഇംഗ്ലീഷ് പ്രഫസറാണെന്നു ധരിച്ചിരിക്കുന്നു. അതിൻെറ ശേഷം ഞാൻ ഇപ്പോഴത്തെ കവികളെ പിടിച്ചു് ഇംഗ്ലീഷ് വിമർശകന്മാർ—തെററി സർ ഐമീൻ ക്രിററിക്സ്ൻെറ "സ്റ്റാൻഡർഡ്" പിടിച്ചു് അളന്നുമുറിച്ചു് യോഗ്യ

തകണക്കാക്കിക്കൊട്ടത്തുടങ്ങി. അപ്പോഴക്കതാ മഹാകവികൾ കൂടി നമുക്ക് അഭിപ്രായത്തിനും നിരൂപണത്തിനും പുസ്തകമയച്ചുതരുന്നു.

നാം:—അതെങ്ങിനെയാണ് മഹാകവികൾകൂടി ഈ പുറം പൂച്ചിൽ മയങ്ങുന്നത്? അവക്കു അത്ര വിവരമില്ലെന്നോ?

പത്രാ:—പത്രത്തിൻേറയും മാസികകളുടേയും അധിപന്മാരിൽ പലരും എന്നേക്കാൾ പരുങ്ങലായിട്ടുള്ളവരാണ്. അവർ ഞാനെഴുതിയതെന്തും എടുക്കും. പിന്നെ അവക്ക് "മാററവും" വേണ്ടേ? എനിക്കെല്ലാം പേർ പരത്തേണമെന്നുമുണ്ട്. അതുകൊണ്ട് ഞാനെപ്പോഴും എഴുതും. എഴുതുമ്പോൾ ശകാരം ഒഴിച്ചുവിടാറില്ല. ഇങ്ങനെയുള്ള "കട്ടനാൽകുത്ത്" പേടിച്ചിട്ടാണേ മഹാകവികൾ നമ്മെ കൂട്ടുപിടിക്കുന്നതു്. മറെറാന്നിനുമില്ലെങ്കിലും "അത്താഴം മുടക്കാൻ നീർക്കോലിക്കും കഴിയും" എന്നകൂട്ടത്തിൽ ഒരുപന്തി ശകാരിപ്പാൻ പത്രാധിപന്മാക്കു ലേഖനങ്ങളുടെ ദൌർല്ലഭ്യമുള്ളേടത്തോളം കാലം എനിക്ക് കഴിഞ്ഞിരുന്നു. ഈ ശല്യം കൂടാതെ കഴിപ്പാനാണ് അവർ നമ്മെ പ്രീതിപ്പെടുത്താറുള്ളത്. ഇത്രത്തോളം പറഞ്ഞപ്പോഴയ്ക്കും ഞങ്ങൾ കടൽപുറത്തെത്തിയിരിക്കുന്നു.

പത്രാ:—ഇതാ ഈ കടലിലെ തിരപോലെയല്ലെ ഇപ്പോൾ പത്രങ്ങളും മാസികകളും ഉണ്ടാകുന്നത്. പക്ഷെ അവയുടെ ആയുസ്സും ഏതാണ്ടിതുപോലെതന്നെ. അതുകൊണ്ട് അവയിലെന്തും എഴുതാം. കുറച്ചുകാലം "ചുക്കില്ലാതെ കഷായമില്ല" എന്നു പറഞ്ഞ കൂട്ടത്തിൽ ഞാനെഴുതാത്ത പത്രമോ മാസികയോ ഉണ്ടായിട്ടില്ല. ഒടുവിൽ പല പത്രങ്ങളുടേയും "സഹ"യായി—ഐമീൻ—സബ്ബെഡിററായി ഞാൻ പത്രാധിപത്യം നോക്കീട്ടുണ്ട്.

നാം:—എന്നിട്ടവയൊക്കെ ഇപ്പോൾ ദീർഘായുസ്സായിരിക്കുന്നുണ്ടോ?

പത്രാ:—എന്തോ പത്രം വീണാൽ ഞാനെഴുതാറില്ല.

നാം:—അതോ നിങ്ങൾ ഇങ്ങിനെ എഴുതുന്നതുകൊണ്ട് പത്രം വീഴുകയോ?

പത്രാ.—അങ്ങിനെയാണെങ്കിൽ എൻെറ എഴുത്തിന്നു ആവശ്യക്കാരുണ്ടാകുമോ? എൻെറ കീർത്തി നാററിയാഞ്ഞിട്ടാണ്. അത്ര വേഗം പോകുന്നൊന്നല്ല. ഞാൻ ഒളിവിലും വെളിവിലും നിന്നുപെയ്യും. എനിക്കു രണ്ടും വശം. ഞാൻ ഇന്ന് ഉള്ളൂർക്കക്ഷിയെ വെളിവിൽ വണ്ണിച്ചിട്ടുണ്ടെങ്കിൽ വള്ളത്തോളിനെ ഒളിവിൽ അതായത് Behind the curtain കൃത്രിമനാമത്തിൽ ശകാരിക്കും. നാളെ വള്ളത്തോളിനെയും ഇതുപോലെ തന്നെ വെളിവിൽ സ്തുതിച്ച് ഒളിവിൽ ശകാരിക്കും. ആശാനോടുമാത്രമേ ഞാൻ തോററിട്ടുള്ളൂ. ഒരു കൃതിക്ക് ഒളിവിലൊരു

നിരൂപണമെഴുതി പ്രസിദ്ധപ്പെടുത്തിയതിനുശേഷം, അതെത്രമേൽ അദ്ദേഹത്തെ വേദനിപ്പിച്ചുവെന്നറിവാനടുത്തുചെന്നു. നമ്മുടെ സേവകരവന്നാൽ വെളിവിൽ സ്തുതിച്ചും ഒന്നെഴുതാമെന്നു നിശ്ചയിച്ച് ആവുന്ന വിദ്യകളൊക്കെ എടുത്തുനോക്കി. എന്നിട്ടെന്താണ്? എന്നെ ഒരു വിദ്വാനെന്നോ പണ്ഡിതനെന്നോ ഉള്ള നിലയിൽ ഗണിച്ചില്ല. എന്തിനു പറയുന്നു! സാഹിത്യം ഞങ്ങളുടെ സംഭാഷണവിഷയമാക്കാൻതന്നെ ആശാൻ കൂട്ടാക്കിയില്ല. എന്നോട് ഷൂദ്ധ കൺട്രീസിനോടു പറയുമ്പോലെ "ഇപ്പോൾ മുളകിനെന്താ വില" "ആ നാട്ടിൽക്ഷൌരക്കാർക്കെന്താണ് കൂലി?" എന്നിങ്ങിനെ അങ്ങുമിങ്ങും തൊടാതെയുള്ള ചോദ്യങ്ങളെക്കൊണ്ടും കാര്യങ്ങളെക്കൊണ്ടും സമയംപോക്കിയെന്നല്ലാതെ, എൻെറ വിമർശനസാഹിത്യത്തെക്കുറിച്ച് ഒരന്വേഷണവും ചെയ്തില്ല. അപ്പോൾ അദ്ദേഹം എൻെറ പേർ കേട്ടിട്ടില്ലായിരിക്കുമോ എന്നു കരുതി. ഞാൻ തന്നെ എന്നെ സ്തുതിച്ചുകൊണ്ട്—സർ ഞാൻ നിങ്ങളിലുള്ള വിശ്വാസം വൈമീൻ "കോൺഫിഡൻസ്"കൊണ്ടിത്രയും പറകയാണെ—ചില കൃത്രിമനാമങ്ങൾവെച്ച് നമ്മുടെതന്നെ ചില ലേഖനങ്ങളെ നിരൂപണംചെയ്തുകൊണ്ടും, ചൂണ്ടിക്കാട്ടിക്കൊണ്ടും ചില ലേഖനങ്ങളെഴുതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തുനോക്കി. ചില ശിഷ്യരെക്കൊണ്ടും പത്രാധിപന്മാരെക്കൊണ്ടും എഴുതിക്കയുംചെയ്തു. തൽഫലമായി ഉള്ളൂരിൻെറ കവിതക്കൊരു നിരൂപണം, അപ്പൻ തമ്പുരാൻെറ പുസ്തകത്തിന്നൊരവതാരിക, വള്ളത്തോളിൻെറ മാസികയിൽ സഹപത്രാധിപത്യം ഇവയെല്ലാം എനിക്ക് ഒന്നിച്ച് സാധിച്ചു! അത്രപോലും ആശാൻ നമ്മെ അടുപ്പിച്ചിട്ടില്ല. ഞാനും മററുള്ളവരുടെ കൂടെക്കൂടി പേരെടുത്തു.

നാം:—അവരുടെയൊക്കെ കൂടെക്കൂടിയാൽ നിങ്ങൾക്കുള്ള സ്ഥാനമെന്താണ്?

പത്രാ:—വിമർശകൻ, വിദ്വാൻ. അവർ കവികളും നോവൽകാരന്മാരുമായിക്കൊള്ളട്ടെ.

നാം:—അപ്പോൾ പണ്ടൊരു ശിപായി പറഞ്ഞകൂട്ടത്തിൽ "എനിക്കും എൻെറ യജമാനനുംകൂടി 510ക ശമ്പളം ഉണ്ട്. അതുകൊണ്ടാണ് ഞങ്ങൾ രണ്ടു കുടുംബച്ചെലവ് നടത്തുന്നത്." എന്ന തരത്തിലല്ലാതെ നിങ്ങൾക്ക് സ്വയം നിന്നുകഴിവാൻ ശേഷിയില്ലയോ?

പത്ര:—അതുതന്നെയാണിനി പരീക്ഷിപ്പാൻ ഭാവം. ഇയ്യിടെ ഒരു ധനവാനായ സാഹിത്യകാരൻെറ കൂട്ടുപിടിച്ച് ഒരു സഹപത്രാധിപത്യത്തിൽ തലയിട്ടു. ആയാൾ ആരേയും ശകാരിക്കരുതെന്ന വ്രതക്കാരനാണ്. അപ്പോൾ ഞാൻ തോററില്ലേ? . ആ ബി. എ ക്കാരന്ന് ആനയുടെ ശക്തിയുള്ള എൻെറ നിരൂപണങ്ങൾ പിടിച്ചില്ലപോലും!

അപ്പോൾ ഞാനൊഴിഞ്ഞു. ഇനി എന്തു വേണ്ടുവെന്നാലോചിച്ചു. ന
മ്മുടെ ആരാധകന്മാർ ഐമീൻ—Admirers സുമായി കൂടിയാലോചി
ച്ചപ്പോൾ തോന്നിയ വിദ്യയാണിതു്. കൈകണ്ട പ്രയോഗമാണു്. പ
ഴതെയാവില്ല. എല്ലാക്കും ഈ ദശാബ്ദത്തിൽ എതിർത്താലെ രസമുള്ളു.
അതാണു് എതിരാളിയുടെ ആവിർഭാവഹേതു. അതുകൊണ്ടു് ഈ പത്ര
ത്തിന്നു് സാർ കഴിയുംവിധമുള്ള പ്രചാരമെല്ലാം വരുത്താൻ ശ്രമിക്കണം.
ഇത്രത്തോളം പറഞ്ഞുകഴിഞ്ഞപ്പോഴക്കു് സന്ധ്യയുമായി. ഞങ്ങൾ മട
ങ്ങുവാനും പുറപ്പെട്ടു. രാത്രിയിലെവിടെയോ പോകേണ്ടതുണ്ടെന്നു പ
റകയാൽ ഞങ്ങൾ രണ്ടുവഴിക്കു വെക്കുകയാണുണ്ടായതു്.

അല്പകാലമായി മലയാളപത്രങ്ങളൊ, മാസികകളൊ നിരന്ത
രമായി വായിപ്പാൻ സാധിച്ചിട്ടില്ലാത്ത നമുക്കു് ഇപ്പോഴത്തെ മലയാള
പത്രങ്ങളുടേയും വായനക്കാരുടേയും സ്ഥിതികളും ഏതാണ്ടൂഹിക്കാനൊ
രു വഴിയുണ്ടാക്കിത്തന്ന നമ്മുടെ എതിരാളി പത്രാധിപരെ മനസാ അ
ഭിനന്ദിച്ചുംകൊണ്ടു് ഞാൻ പാർപ്പിടത്തിലെത്തി, ഇങ്ങിനെയൊന്നു കു
ത്തിക്കുറിച്ചയക്കുന്നതാണു്. ശേഷം പത്രം പുറപ്പെട്ടുവിച്ചുകഴിഞ്ഞാൽ
അഭിപ്രായത്തിന്നായി ഒരു കോപ്പി കിട്ടുമ്പോൾ എഴുതിക്കൊള്ളാം.

രാമപുരം കുമാരപിള്ള.

# ശ്രീകൃഷ്ണവിലാസകഥാസാരം

(പാന) (തുടച്ച)

[ഒരു പഴയകൃതി പകപ്പവകാശം]

ഉണ്ണിക്കണ്ണന്റെ കണ്ണുകളക്കാലം
വെണ്ണയുംപാലുംതൈരുമിരിക്കുന്ന
ദിക്കിലേക്കു ഗതാഗതമായ്യുന്നു
തക്കമുണ്ടെങ്കിൽ തസ്കരിച്ചീടുവാൻ.
ഗോപനാരിമാരില്ലാതിരിക്കുന്ന
നേരം നോക്കീട്ടൊരുദിനം മാധവൻ
തൈരും പാലും നിറച്ചുള്ളഗേഹത്തിൽ
സൈപരംചെന്നുകടന്നു, ശിശുക്കളും
എത്തുകില്ലറിയെന്നു നിനച്ചപ്പോൾ
ബുദ്ധികൌശലമന്നേരമുണ്ടായി.
ലാളിച്ചാദരവോടൊരു ബാലന്റെ
തോളിൽ മെല്ലെക്കരേറി കുമാരകൻ,
നല്ലപാകമെന്നോർത്തവൻ വെണ്ണയും
നല്ലപാലും കുടിച്ചുതുടങ്ങിനാൻ.

“അത്രമാത്രമെനിക്കും തരികെടോ!
എത്രനേരം ഞാൻ നിന്നൊച്ചമക്കേണ്ടു?
ഇത്രപാരം നീ സ്വാർത്ഥം തുടങ്ങിയാ-
ലത്ര നിന്നെ വെടിഞ്ഞേച്ചുപോകും ഞാൻ”
എന്നിവണ്ണം പറഞ്ഞേച്ചുമണ്ടിനാൻ
തന്നെത്തോളിലെടുത്തോരു ബാലകൻ
ചാട്ടുവാനെളുതല്ലാഞ്ഞുറിപിടി-
ച്ചാടിനിന്നു കരഞ്ഞുതുടങ്ങിനാൻ
ആലാപംകേട്ടു വന്നോരുഗോപിമാർ
ബാലകൃഷ്ണനെത്താഴത്തിറക്കിനാർ.

“ഉണ്ണി! നീയെന്തുചെയ്തതെ”ന്നായപ്പോൾ
കണ്ണൻ കൊഞ്ചിപ്പറഞ്ഞുതുടങ്ങിനാൻ.
“പൂച്ചവന്നു കലങ്ങളുടച്ചോരു
ഒച്ചകേട്ടുഞാൻ മണ്ടിവരുന്നേരം,
പൊക്കമുള്ളോരുറിയിലെസ്സാധനം
കക്കപ്പൂച്ചകുടിച്ചുപോയില്ലല്ലീ
എന്നുനോക്കുവാൻമെല്ലെക്കരേറി ഞാൻ;
അന്നേരത്തെൻെറ കാലുകൾതെററിപ്പോയ്
പാലും വെണ്ണയുമിഷ്ടമില്ലിങ്ങെടോ!;
പാലിൻെറ രസമെന്തെന്നറിഞ്ഞീല;
“പാലുപോലെ”ന്നു കേൾക്കാമതിന്നുടെ
ശീലമെന്തെന്നു ഞാനറിഞ്ഞിട്ടില്ല;
പാലു കയ്ച്ചോ പുളിച്ചോ മധുരിച്ചോ
പാരംതന്നേ ധരിച്ചിട്ടുമില്ലഞാൻ”
ഏവംചൊല്ലിപ്പിള്ളത്തിക്കരയുന്ന
ദേവകീസുതൻതന്നെപ്പുല്കുകവേ
തന്മടിയിലിരുത്തിത്തരുണിമാർ
സമ്മാനിക്കുന്നു വെണ്ണയും പാൽ പഴം.

പിറെറന്നാളൊരു ഗോപീഭവനത്തിൽ
പററിക്കൂടിനാൻ പങ്കജലോചനൻ
എത്താംപോരാഞ്ഞുറിയിലിരിക്കുന്ന
പുത്തൻ തൂതതൻമൂട്ടിൽ കടുക്കനേ
കുത്തിനാൻ കടകോലിൻെറ വാലുകൊ-
ണ്ടൊത്തിച്ചാടി, തുളച്ചു കടൽവണ്ണൻ,
ധാരയായിട്ടു കീഴ്പോട്ടൊഴുകുന്ന
ക്ഷീരം നന്നായ് കുടിച്ചുതുടങ്ങിനാൻ.

മോരുവിറേറച്ചു ഗോപാലനാരിമാർ
ദ്ദൂരെനിന്നു വരവുതുടങ്ങുമ്പോൾ
ആരുംകാണാതെ കിങ്ങിണിയുംപൊത്തി
സാരസേക്ഷണൻ ധാവതിചെയ്കയും
പേടമാൻമിഴിമാരുടെ വീടുകൾ
തേടിത്തേടിയൊളിച്ചു നടക്കയും.

നീലക്കാർമുകിൽവണ്ണന്റെയിത്തരം
ശീലക്കേടുകൾകൊണ്ടു പൊറുക്കാഞ്ഞു
ഗോപസ്ത്രീകൾ പലരുമൊരുമിച്ചു
താപംപൂണ്ടു കരഞ്ഞുതുടങ്ങിനാർ.

ധന്യശീലയായുള്ള യശോദയോ-
ടന്യായത്തിനുമെല്ലെപ്പുറപ്പെട്ടു,
നന്ദഗോപന്റെ മന്ദിരംപുക്കവർ
നന്ദപത്നിയോടേവമുരചെയ്തു.

“മങ്കമാർമണിയാളെ! മഹാഗുണെ!
നിൻകുമാരന്റെ തായാട്ടെള്ളതല്ലേ;
നിൻകടാക്ഷം കുറഞ്ഞൊന്നുണ്ടാകണം
സങ്കടംകൊണ്ടു ഞങ്ങൾപറയുന്നു.
ഉണ്ണിക്കണ്ണനും ചങ്ങാതിമാരുമായ്
വെണ്ണയുംപാലും കട്ടുഭുജിക്കയും;
മൺകുടങ്ങൾ കലങ്ങളും പാനിയും
പങ്കജേക്ഷണൻ കുത്തിത്തുളക്കയും;
അങ്കണംതോറും മണ്ടിനടക്കുന്നു;
മങ്കമാരെപ്പരിഹാസംകൂട്ടുന്നു;
ഇന്നലെക്കൊണ്ടുവന്നോരു മോക്കുടം
ഇന്നുരാവിലുടച്ചുപോൽ നിൻമകൻ;
നാലിടങ്ങഴി നെല്ലുകൊടുത്തുടൻ
പാലുകാച്ചാൻ കലമൊന്നുമേടിച്ചു,
പാലൊഴിച്ചപ്പോൾ ചോരുന്നതുംകണ്ടു;
ബാലൻനിന്നു ചിരിക്കുന്നതും കണ്ടു.

ഉണ്ണികൃഷ്ണനൊരാനത്തലയോളം
വെണ്ണ താനേയെടുത്തു ഭുജിച്ചിട്ടും
അമ്മെ! പാരം വിശക്കുന്നു, തന്നാലും
ഉണ്മാനെന്നവനെന്നോടിരക്കുന്നു.
ഉണ്മാനില്ലാത്തഞങ്ങളിന്നെന്തെല്ലാം
സമ്മാനിക്കേണ്ടുനമ്മുടേയുണ്ണിക്ക്

അമ്മാമനാണിക്കുന്നുരണ്ടാണിവൻ
നിമ്മരിയാദം തന്നേതുടങ്ങുന്നു.
ഉണ്ണിതന്റെ ഉദരം നിറപ്പാനും
ദണ്ഡമില്ലതുകൊണ്ടല്ല സങ്കടം
കണ്ണിൽകണ്ട കലങ്ങൾ കുടങ്ങളും
കിണ്ണം കിണ്ടി തളികയുരുളികൾ
കട്ടൊളിക്കയും, കാട്ടിലെറികയും,
കട്ടപൊട്ടിച്ചെറിഞ്ഞതങ്ങുടക്കയും
കാട്ടിക്കൊണ്ടാലിളക്കാതിരിക്കുമോ?
നാട്ടിലുള്ള ജനങ്ങൾ പൊറുക്കുമോ?
നാട്ടുവാഴിക്കിടാവിനെശ്ശിക്ഷിപ്പാൻ
നാട്ടുവാഴിക്കുതന്നേയെളുതാവൂ.
ശീലക്കേടുള്ള പുത്രനേ ലാളിച്ചാൽ
നാണക്കേടുണ്ടാമച്ഛനമമ്മക്കും.
കാലക്കേടിപ്പോളിജ്ജനത്തിന്നായ
മൂലം നിങ്കൽ ധരിപ്പിക്കുമാറായി.
“വല്ലാമക്കളിലില്ലാത്തമക്കളെ”
ന്നൊല്ലാരും പണ്ടു ചൊല്ലുന്നതില്ലയോ?
ഗോരസംവിററു കൊററുകഴിക്കുന്ന
നാരിമാർ ഞങ്ങളൊക്കെ വലയുന്നു.
ചോരണം ചെയ്യാൻ കെല്പുള്ള നന്ദനൻ-
കാരണം ഞങ്ങളയ്യമിരക്കുന്നു.
അയ്യോ! ഞങ്ങളേ രക്ഷിച്ചുകൊൾക നീ
പൊയ്യല്ല ഗതിയെന്തുള്ളു ഞങ്ങൾക്ക്
പാട്ടംനെല്ലില്ല; പാട്ടക്കൃഷിയില്ല;
കൂട്ടം, ചങ്ങാതം, കുലിച്ചവുമില്ല;
കെട്ടിവെച്ച ധനമില്ല; പൊന്നില്ല;
ചെട്ടിയെപ്പോലെ വാണിഭവുമില്ല;
കാര്യക്കുറില്ല; കാണക്കൊടയില്ല;
വാരക്കുറും പലിശനെല്ലുമില്ല;
സ്ഥാനമില്ല; തറയിൽ വരവില്ല;
ദാനമില്ല; പ്രതിഗ്രഹവുമില്ല;
ദേശത്തേക്കൊരു വമ്പില്ല; മൂമ്പില്ല;
വേശമാക്കുള്ള കാണപ്പണമില്ല;
കൂത്തും, പാട്ടു, മങ്ങാട്ടം, തൊഴിലുകൾ,
മാത്രക്കോലുമങ്ങായുധവിദ്യയും,
ശാസ്ത്രക്കൂട്ടത്തിലോഹരിയുമില്ല;

ശാസ്ത്രജ്ഞാനവുമില്ലിജ്ജനങ്ങൾക്ക്
ഗോരസം വിററു കൊററുകഴിക്കുന്ന
നാരിമാരു വലഞ്ഞുവെന്നംബികെ!
മോരും തൈരും തിരടിത്തുടങ്ങിയാൽ
ആരും ജീവിക്കയില്ലെന്നതും വരും.
പട്ടിയെപ്പോലെ പട്ടിണിയുമിട്ടു
പട്ടണംതോറും മണ്ടി നടക്കയോ?
പെട്ടവണ്ണം നൃപന്മാരെസ്സേവിച്ചു
കൊട്ടണച്ചോറും തിന്നു കിടക്കയോ?
പാളകയ്യിലെടുത്തു നടക്കയോ?
കാളപോലേ ചുമടു ചുമക്കയോ?
ആട്ടക്കാരുടെ പെട്ടിയെടുക്കയോ?
കോട്ടവാതിലും കാത്തു കിടക്കയോ?
വേഷക്കോലം കെട്ടിച്ചാടിനടക്കയോ?
ചാക്കിയാരുടെ പിമ്പെ നടക്കയോ?
പാടത്തെങ്ങാനും വിത്തുവിതക്കുംപോൾ
മാടവുംവെച്ചു കാത്തു കിടക്കയോ?
മാടണിക്കൊങ്കമാരുടെ പിന്നാലെ
ചേടിയായിട്ടു മുററമടിക്കയോ?
എന്തുകൊണ്ടിനി ഞങ്ങൾ പൊറുക്കുന്നു
ചിന്തിച്ചാലും വഴിപോലെ സ്വാമിനി!
മൺകുടങ്ങളുടഞ്ഞതു ഞങ്ങൾക്കു
പൊൻകുടങ്ങളുടഞ്ഞതുപോലെയായ്.
പൂഴികോരുന്ന മുററിമുറംപോലും
നാഴിനെല്ലു കൊടുക്കാതെ കിട്ടുമോ?
അൎത്ഥമുള്ള നരനും നരേന്ദ്രനും
അൎത്ഥംപോയാലനൎത്ഥം സമംതന്നെ.
മന്നിലുള്ളോ“രെറുമ്പിന്നിറവെള്ളം
തന്നെയല്ലോ സമുദ്രം”മഹാമതേ!
തന്നുടേ ധനം സാരംതനിക്കെന്നു
ധന്യശീലേ! ധരിച്ചാലുമംബികെ!
ആനയുള്ളവനാന നശിച്ചാലും
ചേനയുള്ളോന്നു ചേന നശിച്ചാലും
ദീനഭാവവും ചിന്താവിഷാദവും
മാനഹാനിയുമെല്ലാമൊരുപോലെ.
എന്തിനിത്രവളരെപ്പറയുന്നു?
നിന്തിരുവടിക്കെല്ലാമറിഞ്ഞീടാം.

(തുടരും)

# പഴഞ്ചൊൽകഥകൾ. (തുടൎച്ച)

"ഈച്ചകുലത്തിലൊന്നും, ഈഴവകുലത്തിൽ രണ്ടും നശിച്ചു."

ഒരിക്കൽ മദ്യപാനിയായ ഒരു ഈഴവൻ തന്റെ ചെത്തുതൊഴിൽകഴിഞ്ഞു് ചേററുകത്തിയുമായി വീട്ടിൽ മടങ്ങിവന്നപ്പോൾ, ഉമ്മത്തൊരിടത്തു് തന്റെ അരിമയായ പൈതലിനെ ഉറക്കാൻകിടത്തിയതായി കണ്ടു. കുട്ടി കിടന്നിടത്തു് ഈച്ചയുടെ ഉപദ്രവം കലശലായുണ്ടായിരുന്നതിനാൽ കുട്ടിക്കുറക്കം സുഖമില്ലെന്നുതോന്നുകയാൽ ആയാൾ തന്നെ കുട്ടിയുടെ അടുത്തുചെന്നു് ഈച്ചയെ ആട്ടുവാൻ തുടങ്ങി. എത്രയാട്ടിയാലും അല്പം കഴിയുമ്പോഴേക്കു്, ഈച്ച പിന്നേയും കുട്ടിയുടേ ദേഹത്തിൽ വന്നിരിക്കും. ഇങ്ങിനെ കുറെനേരം ആട്ടിനോക്കീട്ടും, ഈച്ചയുടെ വരവ് നിൎത്തുവാൻ സാധിക്കാത്തതായി കണ്ടപ്പോൾ, ഈച്ചകുലത്തെ ഉന്മൂലനംചെയ്യേണമെന്ന ഈൎഷ്യയോടെ, ആരോടും എപ്പോഴും എതിൎപ്പാനായി താനുപയോഗിക്കാറുള്ള ചേററുകത്തിയെടുത്തു്, ഭവിഷ്യത്താലോചിക്കാതെ, ഊക്കിൽ, ഈച്ച പൊതിഞ്ഞിരിക്കുന്ന കുട്ടിയുടെ ദേഹം ലാക്കാക്കി ഒരു വെട്ടുകൊടുത്തു. കൂട്ടത്തിൽ ഒരീച്ചമാത്രം വെട്ടു്, മററീച്ചകൾ പറന്നുപോകയും വെട്ടിന്റെ ശക്തികൊണ്ടു് കുട്ടിയും, ഈച്ചയോടൊപ്പം രണ്ടു തുണ്ടായിതീരുകയുംചെയ്തു. അപ്പോഴാണു് ഈഴവന്നു് സുബുദ്ധിയുണൎന്നതു്. ഉടനെതന്നെ കുട്ടിയെ കൊന്നതിന്നു് തനിക്കു് മരണശിക്ഷ കിട്ടുമെന്നും, എന്നുമാത്രമല്ല തന്റെ അരിമപ്പെട്ട കുട്ടിയെ കൊന്നു് താൻ ജീവിച്ചിരുന്നിട്ടു് പ്രയോജനമില്ലെന്നും ഓൎത്തു ഉടനെ ആ ചേററുകത്തികൊണ്ടുതന്നെ തന്റെ കഴുത്തിൽ വെട്ടി ആത്മഹത്യചെയ്തപ്പോൾ പറഞ്ഞതാണു് മേലെഴുതിയ പഴഞ്ചൊൽ. ഇങ്ങിനെ ഭവിഷ്യത്താലോചിക്കാതെ നാം ശക്തിയിൽ ചെയ്യുന്ന ചില ശത്രുമാരണങ്ങൾ, എതിരാളിക്കു് പററുന്നതിലുമധികം ദോഷം, തിരിഞ്ഞടിച്ചു് കൎത്താവിന്നു് തട്ടുമ്പോഴാണു് അല്പം അതിശയോക്തിയായി മേൽപറഞ്ഞ പഴഞ്ചൊല്ലുപയോഗിക്കാറുള്ളതു്.

"മുറുക്കുപൊതി കെട്ടഴിച്ചു."

ഗൃഹസ്ഥനായ ഒരു നമ്പൂതിരിയുടെ ഇല്ലത്തു് അമ്മ മരിക്കാനടുത്തിരിക്കെ, പൂൎണ്ണഗൎഭിണിയായ തന്റെ അന്തൎജ്ജനത്തിന്നു് പ്രസവവേദനയും തുടങ്ങി. അമ്മയുടെ ശ്വാസംവലിക്കിടയിൽ ഭാൎയ്യയുടെ പ്രസവാരംഭംകൊണ്ടുതന്നെ, രണ്ടുകൂട്ടവും ഒരുപോലെ ആപൽക്കരമാകയാൽ അദ്ദേഹം വല്ലാതെ പരിഭ്രമിച്ചു് പരക്കംപാച്ചിൽ തുടങ്ങി. ഇല്ലത്തു് പുറമെ പറയത്തക്കവരാരും ഉണ്ടായിരുന്നില്ല. അത്യാവശ്യമായ ജനസഹായം അപേക്ഷിപ്പാൻ പുറമെപോകാനും വയ്യാത്ത ആ അവസരത്തിൽതന്നെ തന്റെ ഉണ്ണി കിണററിൽവീണ ശബ്ദവും കേട്ടു. ഏതേതു സംഭവങ്ങളിലാണു് മുമ്പേ മുമ്പേ ശ്രദ്ധിക്കേണ്ടതെന്നുറപ്പില്ലാതെ

സംഭ്രമിക്കുന്നതിനിടയിലതാ പുരയുടെ മോന്തായത്ത് തീയും കാണായി! ഈ ആപത്തെല്ലാംകൂടി അടിക്കടി വന്നുകേറിയപ്പോൾ നമ്പൂതിരി അപ്പുറത്തു വളപ്പിൽപോയി സുഖമായി തോർത്തുമുണ്ടും വിരിച്ച്, ഒന്നുമനക്കാതെ പതുക്കെ തന്റെ മുറുക്കുപൊതി കെട്ടഴിച്ച് സുഖമായൊന്നു മുറുക്കുകയാണുണ്ടായത്. തന്റെ ഏകന്റെ പ്രയത്നംകൊണ്ട് യാതൊന്നും ചെയ്യാൻ സാധിക്കയില്ലെന്നുറച്ചിട്ടാണ് വരുവാനുള്ളതൊക്കെ വരട്ടെ, ജനിക്കാനുള്ളവർ ജനിക്കട്ടെ, മരിക്കാനുള്ളവർ മരിക്കട്ടെ, നശിക്കാനുള്ളതെല്ലാം നശിക്കട്ടെ എന്നായിരുന്നു അദ്ദേഹത്തിന്റെ ഉറപ്പ്. പക്ഷേ, അല്പനേരത്തിന്നിടയിൽ ജനങ്ങൾ ഓടിവന്ന് ചിലർ പുരക്കു വന്ന തീ തച്ചുകെടുപ്പാനും, മററുചിലർ ഗർഭിണിയായ അന്തർജ്ജനത്തെ പുറത്തേക്ക് കൊണ്ടുവന്നാക്കുവാനും, വേറെചിലർ ഉണ്ണിയെ കരയേററുവാനും, അമ്മയെ പുറത്തേക്കെടുപ്പാനും മററും ഉദ്യോഗിക്കയാൽ അല്പനേരംകൊണ്ട് ആപൽഘട്ടമെല്ലാം തീർന്ന് മരിക്കാനുള്ളവർ മരിച്ചും, ജനിക്കാനുള്ളവർ ജനിച്ചും, രക്ഷപ്പെടാനുള്ളവർ രക്ഷപ്പെട്ടും, നശിക്കാനുള്ളത് നശിച്ചും ആപദ്ദശ നീങ്ങിക്കണക്കുനോക്കിയപ്പോൾ മരണം അമ്മക്കുമാത്രവും, ധനനാശം പുരയുടെ മേൽപുരകൊണ്ടുമാത്രവുമായി കലാശിച്ചു.

ഇങ്ങിനെ സ്വപ്രയത്നംകൊണ്ട് രക്ഷപ്പെടാൻ നിർവ്വാഹമില്ലാത്ത ഘട്ടത്തിലെത്തിയാൽ സർവ്വവും വരുംപോലെ വരട്ടെ എന്ന് വിധിക്കു കീഴടങ്ങി പുരുഷപ്രയത്നമെല്ലാം നിർത്തുന്ന ഘട്ടത്തിലാണ് മുറുക്കുപൊതി കെട്ടഴിച്ച കഥ ഓർമ്മവരിക.

### "പുത്തൻകുടമില്ലെങ്കിൽ പഴുത്ത മത്തൻകൊണ്ടും ഒപ്പിക്കാം."

ഒരു മണ്ണാൻ ഒരിക്കൽ ഒരു "ബലികളവാൻ" വേണ്ട "ഒരുക്കു"കളെല്ലാം പറഞ്ഞു് ഒരു കൃഷിക്കാരന്റെ വീട്ടിൽ തലേന്നുതന്നെ ഏല്പിച്ചിരുന്നു. പിറേറദിവസം രാത്രി ഉഴിഞ്ഞുകളവാനായി വന്നപ്പോൾ, അവിടെ ഉമ്മറത്ത് എല്ലാവരും കാണത്തക്കവിധത്തിൽ എട്ടുപത്ത് നല്ല പഴുത്ത മത്തൻ കെട്ടിത്തൂക്കീട്ടുണ്ടായിരുന്നു. നമ്മുടെ മാന്ത്രികന്ന് ഈ മത്തനിങ്ങിനെ കണ്ടപ്പോൾ അതിലൊന്ന് കിട്ടിയാൽകൊള്ളാമെന്നൊരാശ ജനിച്ചു. വെറുതെ ചോദിക്കുന്നതായാൽ തനിക്ക് കിട്ടുന്ന പ്രതിഫലത്തിൽ വല്ല കമ്മിയും വരുമോ എന്ന ഭയവുമുണ്ടായി. മത്തൻ തനിക്ക് കൂടാതെയും കഴിയില്ല. ഒടുവിൽ ഒരു യുക്തി തോന്നി. മന്ത്രവാദംചെയ്യുമ്പോഴത്തെ ഒരുക്കുകളെല്ലാം മാന്ത്രികന്റെ അവകാശമാണ്. അത് അയാൾ യഥേഷ്ടം കൊണ്ടുപോകയാണ് സമ്പ്രദായം. ഈ തരംകരുതി വിടാൻ അവിടെ കോപ്പുകൂട്ടിയ ഒരുക്കുകളെല്ലാം ഒന്നൊഴിയാതെ പരിശോധിച്ച് എന്തോ ചിലത് ഒത്തില്ലെന്നു നടിച്ചു.

"അല്ലാ പുത്തൻകുടം കൊണ്ടുവന്നിട്ടില്ലേ? അതുംകൂടി വേണമല്ലൊ."
"ഇവിടെ പറഞ്ഞിരുന്ന ഒരുക്കുകളിലൊന്നും പെട്ടിട്ടില്ലെ"ന്നു് വീട്ടുകാരും മറുവടി പറഞ്ഞു, പെടാതിരിക്കയില്ല. അതു് ഒഴിപ്പാൻപാടുള്ള ഒരു എണ്ണവുമല്ല എന്നും പറഞ്ഞു് മണ്ണാൻ വിടാതെകൂടി. ആ രാത്രി പുത്തൻകുടം അടുത്തെങ്ങും കിട്ടുന്നതല്ലെന്നു് മണ്ണാന്നു് പൂർണ്ണബോദ്ധ്യമായിരുന്നു. അതുകൊണ്ടാണു് അങ്ങിനെ പറഞ്ഞതു്. ഒടുവിൽ പറഞ്ഞ "ഒഴിമൊഴി"യാണു് പുത്തൻകുടം ഇല്ലെങ്കിൽ പഴുത്ത മത്തൻ കൊണ്ടും ഒപ്പിക്കാമെന്ന പഴഞ്ചൊൽ. അതിൻെറ അൎത്ഥവും വക്താവിൻെറ ഉദ്ദേശവും വ്യക്തം.

(തുടരും) വി. ടി. ശങ്കുണ്ണിമേനോൻ.

# ജഡ്ജിയുടെ കോട്ട്.

I

കവിതാവാസനയാണു് ചിലൎക്കു്. മദ്യപാനവാസനയാണു് നമുക്കു്. കൊഴുത്ത പണക്കാരാണു് ചിലർ. മുഴുത്ത കടക്കാരനാണു് ഞാൻ. കവിതയെഴുതുന്നവൎക്കു് കീൎത്തിയാണു് ഫലം. കുടിനടത്തുന്നവൎക്കു ദാരിദ്ര്യമാണു് ഫലം. കുടിയന്മാരെ അകറേറണമെന്നാണു് ചിലരുടെ മതം. കുടിക്കാത്തവരെ വിശ്വസിക്കരുതെന്നാണു് എൻെറ മതം. കവിതയുണ്ടാക്കാൻ വേണ്ടി കവിയും മദ്യം കുടിപ്പാൻ വേണ്ടി ഞാനും പല പല നവീനാശയങ്ങൾ കണ്ടുപിടിക്കാറുണ്ടു്. കളവുകളോരോന്നു അച്ചടിച്ചു പുറത്തിറക്കിയാൽ അവൻ പ്രസിദ്ധനായ ഒരു നോവലെഴുത്തുകാരനായി. കളവുകളോരോന്നു അച്ചടിക്കാതെ പുറത്തുപറഞ്ഞാൽ അവൻ നികൃഷ്ടനായ ഒരു നുണയനുമായി. കാലത്തിൻെറ വൈപരീത്യം മറെറന്തുപറയട്ടെ. ഗുണങ്ങൾ നോക്കിയാൽ ഒരു ജില്ലാജഡ്ജിയായിരിക്കേണ്ടുന്ന ഞാൻ യഥാൎത്ഥത്തിൽ ഒരു ജില്ലാജഡ്ജിയുടെ ശിപായി കേശവൻ നായരായിട്ടാണു് നാൾ കഴിക്കുന്നതു്. ഞാൻ കഴിച്ചിട്ടില്ലെങ്കിലും നാൾ തനിയെ കഴിഞ്ഞുകൊള്ളും. എനിക്കാണു് യാതൊന്നും കഴിക്കാതെ കഴിക്കാൻ കഴിയാത്തതു്. എന്തേറെയും പറഞ്ഞിട്ടു് ഫലമില്ല. എട്ടുറുപ്പിക ശമ്പളവുംകൊണ്ടു് ഒരാൾക്കു തന്നെ കഴിച്ചുകൂട്ടുവാൻ പ്രയാസമാണു്. അപ്പോൾ ഒരു ഭാൎയ്യയും രണ്ടു കുട്ടികളും കൂടി ഉണ്ടാകുമ്പോ

ളുള്ള കഥയെന്താണ്? മൂത്ത ആൺകുട്ടിക്കു പത്തും, ഇളയപെൺകുട്ടിക്ക് എട്ടും വയസ്സായി. ചിലവിന്നു എത്താതെയും ആയി. കടം കിട്ടാതെയും ആയി. പണത്തിന്നു പഞ്ചമുണ്ടെന്നു കണ്ടപ്പോൾ ഭാൎയ്യ പ്രസവവും നിൎത്തി. ഇനി ഞാനെന്താണ് നിൎത്തേണ്ടത് എന്നാലോചിച്ചു ആലോചിച്ച് കുട്ടികളുടെ വിദ്യാഭ്യാസം ഞാനും നിൎത്തി. എന്നിട്ടു കൂടി അരിഷ്ട് തീരുന്നില്ല. ഒരു ദിവസം 1927 നവെമ്പ്ര് 1-ാംനു-ചൊവ്വാഴ്ച, വിഷ്ണുപദി പുണ്യകാലത്ത് പുലൎച്ചെ എഴരനോറവ്, നിത്യകൃത്യങ്ങളൊക്കെ കഴിച്ച്, ഒന്നുരണ്ടു ഗ്രാമിന്നു വല്ല മാൎഗ്ഗവുമുണ്ടോ എന്നുനോക്കാൻ വേണ്ടി പുറപ്പെട്ടു. ഭാൎയ്യയുടെ വശം വല്ലതും ഉണ്ടാകുമോ എന്നുകൂടി എനിക്കുതോന്നി. ചോദിച്ചുനോക്കിയാലോ എന്നുവെച്ചു അവളുടെ മുഖത്തൊന്നു നോക്കി, ചോദിപ്പാൻ നാവ് വന്നില്ല. ഞാൻ ജില്ലാജഡ്ജി എനിക്കു സമ്മാനിച്ച ഒരു കറുത്തകോട്ട്—ഉള്ളിൽ ലൈനിങ്ങ് (നേരിയശീല) തുന്നിപ്പിടിപ്പിച്ച ഒന്നാന്തരം സൎജ്ജ് കോട്ട്—പഴക്കമുണ്ടെങ്കിലും കേടധികം പിണയാത്ത അസ്സൽ കോട്ട്—വയസ്സ് ജാസ്തിയുണ്ടെങ്കിലും ശക്തിക്ഷയം ബാധിയാത്ത ഒരു വൃദ്ധനെപോലെ ഇരിക്കുന്ന കോട്ട്—അങ്ങിനെയെല്ലാമിരിക്കുന്ന ആ കുലീനൻ കോട്ടും ധരിച്ച് പുറത്തിറങ്ങാൻ പുറപ്പെട്ടു. എന്റെ വേഷം കണ്ടപ്പോൾ ഭാൎയ്യ എന്നെ ഒന്ന് കൌതുകമോടെ നോക്കി.

ഭാൎയ്യ:—എവിടെയാണ്? ഇത്രകാലത്തേ?

ഞാൻ:—എവിടെയുമില്ല.

ഭാ:—എന്നാൽ കോട്ടഴിച്ചുവെച്ചു അടങ്ങി ഒരേടത്തിരിക്കരുതെ?

ഞാൻ:—അങ്ങിനെ നീ ചെയ്തോളു.

ഭാ:—ഞാൻ കോട്ട് ഇട്ടിട്ടില്ലല്ലൊ.

ഞാൻ:—എന്നാൽ ഒന്ന് ഇട്ടോളു.

ഭാ:—എനിക്ക് കോട്ട് ഇല്ലല്ലൊ,

ഞാൻ:—എന്നാൽ ഒന്ന് തുന്നിച്ചോളു.

ഭാ:—അതിന്നു പണം ഇല്ലല്ലൊ.

ഞാൻ:—മിനിഞ്ഞാന്ന് ഞാൻ എട്ടണ കൊണ്ടുവന്നു തന്നില്ലെ?

ഭാ:—അതുകൊണ്ട്?

ഞാൻ:—പിന്നെ എങ്ങിനെ പണമില്ലെന്നു പറഞ്ഞു?

ഭാ:—നാണമില്ലല്ലൊ. ആ എട്ടണയുടെ കാൎയ്യം എണ്ണിപ്പറവാൻ.

ഞാൻ:—എണ്ണാതെയാണ് ഞാൻ പറഞ്ഞത്. പറയാതെയാണ് ഞാൻ തന്നത്.

ഭാ:—ഹോ. വലിയ കാൎയ്യമായ്പ്പോയി.

ഞാൻ:—ഏട്ടണ ഒരു ശിപായിക്കു വലിയ കാൎയ്യമല്ലെ?

ഭാ:- തന്നെയായിരിക്കും. എന്നാൽ വലിയ കാൎയ്യമൊന്നും ഏട്ടണകൊണ്ടു് സാധിപ്പിക്കാൻ നിവൃത്തിയില്ല.

ഞാൻ:—എന്നാൽ ചെറിയകാൎയ്യങ്ങൾ എന്തൊക്കെ നീ ഏട്ടണകൊണ്ടു് സാധിപ്പിച്ചു?

ഭാ:—മൂന്നണക്ക് ഒരു തോൎത്തുമുണ്ടു് മേടിച്ചു.

ഞാൻ:—ശരി. നന്നായി. അതു് വലിയ കാൎയ്യമല്ലെങ്കിലും സ്വന്തം കാൎയ്യമായി.

ഭാ:—അര അണ ഒരു മുടന്തൻ പിച്ചക്കാരനു് കൊടുത്തു.

ഞാൻ:—അതു് പരകാൎയ്യമായ്പ്പോയി. അതു വേണ്ടായിരുന്നു.

ഭാ:—അവന്നതു് വേണമായിരുന്നു.

ഞാൻ:—ഉള്ളവരല്ലെ കൊടുക്കുക.

ഭാ:—ഉള്ളതുകൊണ്ടല്ലെ കൊടുത്തതു്.

ഞാൻ:—കൊടുക്കേണ്ടവരല്ലെ കൊടുക്കേണ്ടതു്.

ഭാ:—പിച്ചക്കാൎക്കു് കൊടുക്കേണ്ടെന്നൊ?

ഞാൻ:—കൊടുക്കുന്നതുകൊണ്ടു് ഇരപ്പു് വൎദ്ധിക്കില്ലേ!?

ഭാ:—ഇരപ്പാളികളും പിഴക്കേണ്ടെ?

ഞാൻ:—അവരെ പിഴപ്പിക്കേണ്ടതു് ഗവൎമ്മേണ്ടല്ലെ?

ഭാ:—ഗവൎമ്മേണ്ടു് പിഴപ്പിക്കേണ്ടുന്നതിന്നു പകരം പിഴ കല്പിക്കുകയാണു് ചെയ്യുക.

ഞാൻ:—അതുകൊണ്ടു് നീ കല്പിച്ചുകൂട്ടി വല്ലതും കൊടുക്കേണമെന്നില്ല.

ഭാ:—എന്നോടു് കല്പനകൂടാതെ കൊടുത്തുപോയി.

ഞാൻ:—കൊടുക്കരുതായിരുന്നു.

ഭാ:—കൊടുത്തതു് തെററാണെങ്കിൽ ഇനി വരുമ്പോൾ അവനോടു് മടക്കിത്തരുവാൻ പറയാം.

ഞാൻ:—പോയതുപോട്ടെ. ഏട്ടണയിൽ പിന്നെയും ബാക്കി ഉണ്ടല്ലൊ?

ഭാ:—അര അണ കാവടിക്കാരനു് കൊടുത്തു.

ഞാൻ:—അവനു് ചവിട്ടായിരുന്നു കൊടുക്കേണ്ടതു്.

ഭാ:—എന്തു്? പഴനിയിൽ പോകുന്നവരെ ചവിട്ടുകയോ?

ഞാൻ:—വേലായുധന്നു് പ്രസാദം വേണമെങ്കിൽ അങ്ങിനെ ചെയ്യണം.

ഭാ:—തന്റെ ഭക്തന്മാരെ ചവിട്ടുന്നതു് വേലായുധന്നു് പ്രസാദമായിരിക്കുമൊ?

ഞാൻ:—താൻെറ ഭക്തന്മാരെന്നും നടിച്ചു പള്ള പിഴപ്പിക്കാൻ നടക്കുന്ന കള്ളന്മാരെ ചവിട്ടുന്നത് അയാൾക്കു ബഹുരസമായിരിക്കും.

ഭാ:—അങ്ങിനെയാണെങ്കിൽ അര അണ കാവടിക്കാരന്നുകൊടുത്തു, വേലായുധനെ ഞാൻ കുറേ വേദനിപ്പിച്ചു.

ഞാൻ:—എന്നുപറഞ്ഞാൽ ഈശ്വരൻെറ അപ്രീതി സമ്പാദിച്ചു.

ഭാ:—അതെ.

ഞാൻ:—പോരാഞ്ഞിട്ട് രണ്ടുമുക്കാലാകുന്ന ഇളകുന്നമുതലും നശിപ്പിച്ചു.

ഭാ:—ഇളകുന്ന മുതലല്ലേ! അത് ഒരേടത്ത് നില്ക്കുമോ?

ഞാൻ:—ചെല്ലേണ്ടുന്ന ദിക്കിലേക്കു ഇളകിയാൽ മതിയായിരുന്നൊ.

ഭാ:—ഇളകാതെ ഏതുദിക്കിലും ചെല്ലുകയുമില്ല.

ഞാൻ:—എന്തായാലും നിങ്ങൾക്കൊരിളക്കവും കാണുന്നില്ല.

ഭാ:—ഞാൻ മുതലല്ലല്ലൊ. മുതലില്ലാത്തവളല്ലേ!?

ഞാൻ:—ആട്ടെ മുതലിൻെറ പകുതി ഇനിയും ബാക്കിയുണ്ടല്ലൊ. അതെവിടെ?

ഭാ:—അതൊ, രണ്ടണ ഞാൻ ഒരു സന്യാസിക്കു കൊടുത്തു.

ഞാൻ:—ശിവ! ശിവ! കണ്ണിൽകണ്ട പൂച്ചമാമുനികൾക്കൊക്കെ അണ വലിച്ചെറിഞ്ഞുകൊടുക്കുകയൊ?

ഭാ:—വലിച്ചെറിയുകയല്ല ചെയ്തത്. ഭക്തിയോടെ കൊടുക്കുകയാണ് ചെയ്തത്.

ഞാൻ:—കള്ളന്മാൎക്കു ചൂട്ടുപിടിക്കുക.

ഭാ:—എന്തെങ്കിലും പറയുന്നൊ അയാളുടെ താടിയും ജടയും ഭസ്മവും രുദ്രാക്ഷവും കാവിയും പീലിയും കണ്ടാൽ മതിയല്ലൊ അയാൾ ദിവ്യനാണെന്നു തെളിയിക്കാൻ.

ഞാൻ:—ഒരിക്കലുമല്ല. കള്ളനാണെന്ന് വിളിച്ചുപറവാൻ.

ഭാ:—സന്യാസിക്കു കൊടുത്തതു തെററിപ്പോയൊ?

ഞാൻ:—മറെറാ.

ഭാ:—എന്തുകൊണ്ട്?

ഞാൻ:—സന്യാസിമാർ കാട്ടുജന്തുക്കളാണ്. അവരെ നാട്ടിൽ കണ്ടാൽ വെടിവെച്ചു കൊല്ലുകയാണ് വേണ്ടതു്.

ഭാ:—എന്നാൽ കുറെ എണ്ണത്തെ കൊല്ലാനുണ്ടാകും.

ഞാൻ:—കൊല്ലാൻ റെഡിയായിട്ട് എന്നെപ്പോലെ കുറെ എണ്ണവും ഉണ്ടാകും.

ഭാ:—ആരെയാണ് കൊല്ലേണ്ടത് എന്ന് ദൈവത്തിന്നറിയാം.

ഞാൻ:—നിന്നെയും കൊല്ലേണ്ടതാണെന്ന് എനിക്കറിയാം,

ഭാ:—എന്തുകാൎയ്യത്തിന്ന്. എൻെറ മാംസം അഭക്ഷ്യമല്ലേ?

ഞാൻ:—മാംസത്തിന്നാണെങ്കിൽ നിന്നെ പുലിയുംക്രൂടി കൊല്ലുകയില്ല.

ഭാ:—എന്നാൽ എല്ലിന്നുവേണ്ടിയെങ്കിലും കൊല്ലുമായിരിക്കും.

ഞാൻ:—എന്തൊ.

ഭാ:—ഏതായാലും പണത്തിന്നുവേണ്ടി എന്നെ ആരും കൊല്ലുകയില്ല.

ഞാൻ:—അത് കാൎയ്യമാണ്.

ഭാ:—അതെങ്കിലും കാൎയ്യമായല്ലൊ.

ഞാൻ:—അതെ, അതെ. നിന്നെപ്പോലെ കെട്ടകാൎയ്യം ചെയ്യുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടില്ല. എന്നെ നീ മുടിച്ചു.

ഭാ:—മുടിക്കാൻ എന്ത് മണ്ണാങ്കട്ടയാണ് ഇവിടെ ഉള്ളത്.

ഞാൻ!—നീ മഹാമുടിച്ചിയാണ്.

ഭാ:—മുടിയുള്ളതുകൊണ്ടായിരിക്കും.

ഞാൻ:—എനിക്കു നിന്നെ വിശ്വാസമില്ല.

ഭാ:—എന്ന ഒരു വിശ്വാസം എനിക്കും ഉണ്ട്.

ഞാൻ:—അതുകൊണ്ടു ഞാനൊരു കാൎയ്യം പറയാം.

ഭാ:—വിശ്വാസമില്ലാത്ത സമയത്തുമാത്രമേ കാൎയ്യം പറയുവാൻ തോന്നുകയുള്ളു.

ഞാൻ:—നീ കേൾക്കു. നീ ഒരു ധ്വംസനക്കാരത്തിയാണ്. പണം വാരി എറിയുന്നവളാണ്. പണത്തിൻെറ വീൎയ്യം നീ അറിയുന്നില്ല.

ഭാ:—ശരി, പണമില്ലാഞ്ഞാൽ പണത്തിൻെറവീൎയ്യം എങ്ങിനെഅറിയും

ഞാൻ:—ഉള്ളതുവെക്കാഞ്ഞാൽ ഒട്ടും അറിയുകയില്ല.

ഭാ:—അങ്ങിനെ പറയരുത്. ബാക്കി രണ്ടണ ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

ഞാൻ:—എന്തിന്ന് സൂക്ഷിക്കാതെ വലിച്ചെറിവാനൊ.

ഭാ:—നിങ്ങൾ തോന്നിയതു പറഞ്ഞോളു.

ഞാൻ:—ബാക്കിയുള്ളവർ തോന്നാത്തതാണൊ പറയുക.

ഭാ:—എനിക്കു നിങ്ങളോട് ക്രൂട്ടംക്രൂടാൻ കഴിയുകയില്ല.

ഞാൻ:—നിണക്ക് കഴിയാത്തതായി വേറെയും പലകാൎയ്യങ്ങൾ ഉണ്ട്.

ഭാ:—ഉണ്ടായിരിക്കാം. അതിൽ മുഖ്യമായത് നിങ്ങൾക്ക് കുടിക്കാൻ പണമെങ്ങിനെ കിട്ടുന്നു എന്ന്.

ഞാൻ:—നിണക്ക് ആ രണ്ടണവെയ്ക്കാൻ സാധിക്കയില്ല എന്നു ഞാൻ പറയുന്നു. സത്യമായിട്ടും ഞാൻ പറയുന്നു. അതുകൊണ്ട് ആ രണ്ടണ ഞാൻ വെക്കാം. ഇങ്ങെട്ടെടുത്തുകൊണ്ടുവരു.

ഭാ:—രണ്ടണസൂക്ഷിച്ചുവെക്കാനുള്ളതല്ല. ചിലവാക്കാനുള്ളതാണ്.

ഞാൻ:—ചിലവാക്കാനും ഞാൻ തയ്യാർ.

ഭാ:—വേണ്ട എനിക്കും അറിയാം ചിലവാക്കാൻ.

ഞാൻ:—നിണക്ക് അറിവ് കുറെ ജാസ്തിയായ്പ്പോയി.

ഭാ:—എന്നാലും പണം ജാസ്തിയായ്പോയിട്ടില്ലല്ലൊ.

ഞാൻ:—നാവിൻെറ നീളമാണ് ജാസ്തിയായ്പ്പോയത്.

ഭാ:—ഭക്ഷ്യങ്ങൾ രുചിക്കാനുള്ള നാവ് എനിക്കു സംസാരിക്കാനാണ് അധികം ഉതകുന്നത്.

ഞാൻ:—പട്ടിണി ഇടക്കിടക്ക് നല്ലതാണ്. ഞാൻ പോയിവരട്ടെ.

ഭാ:—പോയാലും വന്നാലും മാത്രം പോര. കുറെ പണവും കൂടെ കൊണ്ടുവരണം.

ഞാൻ:—വിളിച്ചാൽ, കൂടെ പോരുന്നതാണെങ്കിൽ ഞാൻ എത്രയെങ്കിലും കൊണ്ടുവരുമായിരുന്നു.

ഭാ:—കൂടെ വന്നാലും കൂടി ഒന്നിച്ചു കൂട്ടാത്തവരാണ് നിങ്ങൾ. ഒഴികഴിവൊന്നും പാടില്ല. എനിക്കു പണംകൂടാതെ കഴിയില്ല.

ഞാൻ:—എന്താണിത്ര തിടുക്കം?

ഭാ:—ഇന്ന് വെക്കാനുംകൂടി ഇവിടെ നെല്ലില്ല. മക്കൾക്കു തേക്കാനൊന്നുമില്ല. അസനവില്വാദിക്കും ഭൃംഗാമലകാദിക്കും ബലാശ്വഗന്ധാദിക്കും മററും ഞാൻ ആവശ്യപ്പെടുന്നില്ല. എള്ളിൻെറനെയ്ക്കെ പറയുന്നുള്ളു. അതിനൊരു ഉറുപ്പികവേണം. മകൾക്ക് എട്ടുവയസ്സു തികഞ്ഞു. എന്നും കോണവുംകെട്ടി നടന്നാൽ മതിയൊ? ഒരുദിക്കിൽ പോവാനെങ്കിലും വല്ലതുമൊന്നു ചുററേണ്ടയോ? പിന്നെ എത്രനാളായി മകൻ ഒരു കുപ്പായത്തിന്നു പറയുന്നു. അവനും ഒരു പൂതി ഉണ്ടാകയില്ലെ? കുട്ടികളല്ലേ?

ഞാൻ:—ആട്ടെ എല്ലാംകൂടി എന്തുവേണം?

ഭാ:—എല്ലാംകൂടി ഒന്നിച്ചുവേണ്ട. രണ്ടുറുപ്പികയെങ്കിലും കൂടാതെ കഴിയുകയില്ല.

ഞാൻ:—ആട്ടെ. ഞാൻ നോക്കാം.

ഭാ:—നോക്കാമെന്നു പറഞ്ഞാൽ പോര. തീർച്ചയായിട്ടുംകൊണ്ടുവരണം.

ഞാൻ:—കയ്യിലില്ലാത്തകാൎയ്യത്തിൻ തീൎച്ച് എങ്ങിനെ പറയും.

ഭാ:—ഉള്ളകാൎയ്യത്തിൽ തീൎച്ച് ആക്കാണ് പറഞ്ഞുകൂടാത്തത്.

ഞാൻ:—ആട്ടെ. ഞാൻ എങ്ങിനെയെങ്കിലും കൊണ്ടുവരാം.

ഭാ:—അങ്ങിനെ പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല. സത്യംചെയ്യണം.

ഞാൻ:—ഗുരുവിൻെറ കാലാണെ ഞാൻ കൊണ്ടുവരാം.

ഭാ;—ഗുരുവിൻെറ കാലിനു് നിങ്ങളെ ദ്രോഹിക്കാൻ ഇപ്പോൾ ശ ക്തിയില്ല.

ഞാൻ:—യമൻെറ ദംഷ്ട്രത്താണെ ഞാൻ കൊണ്ടുവരാം.

ഭാ:—യമൻെറ ദംഷ്ട്രം നിങ്ങളെ കൊല്ലുകയെ ഉള്ളു.

ഞാൻ:—കൊട്ടങ്ങല്ലൂരമ്മയാണെ ഞാൻ കൊണ്ടുവരാം.

ഭാ:—കൊട്ടങ്ങല്ലൂരമ്മ വസൂരിവിളയാട്ടംകൊണ്ടു് നിങ്ങളെ കിടപ്പിലാക്കു കയെ ഉള്ളു.

ഞാൻ:—വിഘ്നേശ്വരൻെറ പാദത്താണെ ഞാൻ വിഘ്നംകൂടാതെ കൊ ണ്ടുവരാം.

ഭാ:—ശരി ഇപ്പോൾ ഞാൻ സമ്മതിച്ചു.

ഞാൻ:—ഇനി ഞാൻ പോട്ടെ. ദൈവം വരുത്തുംപോലെ വരട്ടെ.

കട്ടികൾ എന്നെ വന്നു പൊത്തിപ്പിടിച്ചു. ഞാൻ അവരുടെ പുറം തലോടി അവരെ സമാധാനമാക്കി. ഇങ്ങിനെ എടുത്താൽ പൊ ന്താത്ത ശപഥവുംചെയ്തു, ജസ്റ്റിക്ക് പഴയതും എനിക്ക് പുതിയതും, ജ സ്റ്റിക്ക് കയ്യൊഴിഞ്ഞതും എനിക്ക് കൈക്കലായതും ആയ ആ സൌക്കൻ കോട്ടും ഇട്ടു് ഞാൻ നിരത്തിന്മേൽ എത്തി. നിരത്തിന്മേൽ അധികം ആളുകളില്ലായിരുന്നു എങ്കിലും ഉള്ളവരൊക്കെ എൻെറ കോട്ടു് കണ്ട പ്പോൾ എന്നെ ഭയഭക്തിയോടെ തൊഴുതു. ഞാൻ തല ഒന്നു കുലുക്കു കയേ ചെയ്തുള്ളു. പിന്നെ ആലോചനയായി. രണ്ടുറുപ്പിക ഉണ്ടാ ക്കാൻ എന്താണീശ്വര വഴി? കളവും പിടിച്ചുപറിയും ഒഴികെ പല മാ ൎഗ്ഗങ്ങളും ഞാൻ ആലോചിച്ചുനോക്കി. കടം ഇപ്പോൾ എനിക്ക് കി ട്ടാതായി. കിട്ടുന്ന കാലത്തുതന്നെ ആയിരമാളോടു് ചോദിച്ചാലെ ഒ രാൾ വിഡ്ഢിത്തംകൊണ്ടു് തരുള്ളു. തന്ന ആൾ ആയിരം പ്രാവശ്യം വന്നു ചോദിച്ചാലും മടക്കികൊടുപ്പാൻ തല്ക്കാലം എൻെറവശം ഒരു കാശും ഉണ്ടാകയില്ല. കടം വാങ്ങുവാൻ ഞാൻ എപ്പോഴും ഒരുക്കമാ യിരുന്നു എങ്കിലും കടം തരുവാൻ ആരും ഒരുക്കമുണ്ടായിരുന്നില്ല. ഞാ നെന്തു ചെയ്യും? വല്ല ഒസ്യത്തിലും എന്നെ ഓൎമ്മിക്കുവാൻതക്കവണ്ണം എനിക്ക് ദണ്ഡക്കാരും ധനികന്മാരും ആയ ബന്ധുക്കൾ ആരും ഇല്ല.

ആകാശത്തിൽനിന്ന് വന്നു വീഴുന്ന കാലവും കഴിഞ്ഞു. മുള്ളിനേയും മൂർഖനേയുമല്ലാതെ കുഴിച്ചുനോക്കാതിരുന്നാൽ വെപ്പും ചെപ്പും കാണുകയില്ല. വഴിയിൽക്കൂടെ നടക്കുന്നുണ്ട് എന്നല്ലാതെ മുട്ടിൽനിന്നൊഴിവാൻ യാതൊരു വഴിയും ഞാൻ കണ്ടില്ല. വഴിവാടുകഴിച്ചാലൊ എന്നുംകൂടി ആലോചിച്ചു. എന്നാലും പാടു തീരില്ല. അങ്ങിനെ നിലവുംനോക്കി നടക്കുമ്പോൾ നിരത്തിന്റെ വലത്തെ ആണിച്ചാലിൽനിന്ന് എന്തോ ഒന്നു മിന്നുന്നതുകണ്ടു. ചെന്നുനോക്കിയപ്പോൾ രണ്ടു പവനും ഒരു റിസ്റ്റ്വാച്ചുമാണ് കണ്ടത്. സുന്ദരികളുടെ മുഖത്തേക്കാൾ നല്ല കാഴ്ച എനിക്ക് ഇതായിരുന്നു. ഒരേടത്തുതന്നെ അനങ്ങാതെ കിടന്നിരുന്ന വാച്ച് ശരിയായി നടക്കുന്നുണ്ടായിരുന്നു. ഈ മൂന്നു സാധനങ്ങളും കണ്ടപ്പോൾ എന്റെ കണ്ണ് കുളുത്തു. ഈ മൂന്നു സാധനങ്ങളും എന്നോട് മന്ദഹസിക്കുന്നുണ്ടെന്നു തോന്നി. അനുരാഗം നമ്മളിൽ വീണുപോയ ഒരു സുന്ദരിയെ സ്വീകരിക്കാതിരിപ്പാൻ ആർക്കും മനസ്സ് വരില്ല. എന്തിനുപറയുന്നു, ഞാൻ മൂന്നും എന്റെ കയ്യിലാക്കി. വാച്ച് അതിന്റെ ചങ്ങലകൊണ്ട് എന്റെ കൈത്തണ്ടക്ക് ബന്ധിച്ചു. പവൻ രണ്ടും എന്റെ കീശയിലിട്ടു. എന്റെ കോട്ട് പുണ്യംചെയ്ത കോട്ടല്ലേ. ഇങ്ങിനെ എത്ര പവൻ അതിന്റെ കീശയിൽ വന്നിരിക്കും? അതുകൊണ്ട് ഈ കോട്ടുതന്നെ ആയിരിക്കണം സ്വർണ്ണത്തേയും ആകർഷിച്ചു കൊണ്ടുവന്നത്. എനിക്ക് കോട്ടോടുള്ള ബഹുമാനം വർദ്ധിച്ചു. സത്യമായിട്ടും എനിക്ക് ആനന്ദവും തൃപ്തിയും ഉണ്ടായി. രോഗം മാറിയ ആളെപ്പോലെയും, മേഘം കണ്ട മയിലിനെപ്പോലെയും, വെള്ളം കുടിച്ച ദാഹിയെപ്പോലെയും ഞാൻ വളരെ ആശ്വസിച്ചു. പവൻ രണ്ടും ഭാര്യക്ക് ചെന്നു കൊടുത്തു അവളെ പരമാനന്ദത്തിൽ മുക്കട്ടെ എന്നു വിചാരിച്ചു വീട്ടിലേക്ക് മടങ്ങിച്ചെല്ലാനായി തിരിഞ്ഞപ്പോൾ, എന്റെ മന്ദഹാസമയമായ മുഖത്തിന്റെ അഭിമുഖമായിക്കണ്ടത് ആമീൻ ശാമുമേനവന്റെ മുഖാരവിന്ദമായിരുന്നു.